# HYDEL BULLET

Issue -1, Vol - 11, January 2023

A Monthly Publication of the Kerala State Elecrictiy Board Engineers' Association

## DIGITAL TRANSFORMATION

KSEBL started its journey of digital transformation in early part of this century. Like many other companies in the current world, it has struggled to reap the benefits of investments in digital transformation. Even after good 20 years KSEBL, in pure sense, still has not gone beyond a billing software. KSEBL need to really introspect about its digital transformation. What went wrong and what ought to have been implemented differently to enable a successful digital ecosystem in the company, is worth a study. At the cusp of another opportunity for digital transformation namely "Smart Metering", the utility needs to delve deep and learn from its failure for creating a new smart digital infrastructure, a must for survival in the new world.

The ideal digital ecosystem was a set of distributed spectra of applications knitted together, a core of experts, broadly accessible and easy-to-use tools, and investment in training and capacity-building across the company.

Cont...page 4











Er Nishanth B. in action - Diary distribution



Alappuzha Unit New office bearers



Er Pradeep S.V. receiving award for training videos competition conducted by HRD Cell, KSEBL





Malappuram Unit meeting

**KSEB Engineers' Association**
**Office Bearers 2022 - 23**

**ASSOCIATION**

**President**
Er Sunil K.

**Vice-Presidents**
Er G. Shaj Kumar (South)
Er Sabu T. Joseph (North)

**General Secretary**
Er Geetha V.S.

**Treasurer**
Er Anoop Vijayan

**Organising Secretaries**
Er Kunjunni P.S. (South)
Er Shine Sebastian (North)

**Secretaries**
Er M. Muhammad Rafi (HQ)
Er Nishanth B. (South)
Er Pramod Kumar M. (North)

**BENEVOLENT FUND**

**Chairman**
Er Kenny Philip

**Vice Chairman**
Er Subha T.G.

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep. S.V.

**Joint Secretaries**
Er Biji Radha Krishnan (South)
Er Hareesh A.D. (North)

**EDITORIAL BOARD**

**Chief Editor**
Er K.G. Potti

**Associate Editors**
Er Induchoodan D.R.
Er Divya Ramadas C.
Er Vivek V.S.

**Ex. Officio Members**
Er Sunil K.
Er Geetha V.S.


# HYDEL BULLET


(A Monthly Publication of the KSEB Engineers' Association)

Issue - 1 | Vol - 11 | January 2023


## Contents


- Editorial
- ടെസ്റ്റ് ഡോസുകളുടെ ഇന്ത്യൻ വകഭേദങ്ങൾ *(തീജ്വാല)* — *Er എൻ.ടി. ജോബ്*
- What happens to those committing suicide ?- 2 — *Dr. Thomaskutty Mathew*
- രാഷ്ട്രീയ മനഃശസ്ത്രത്തിന്റെ അകത്തളങ്ങൾ ഉത്തുംഗമായ കളവുകൾ — *ഡോ. സി. രാമചന്ദ്രൻ*
- സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങളും ഗുണങ്ങളും
- ക്രിസ്മസ് - ചരിത്രവും ആഘോഷവും സംഗീതവും *(ഗാനമാധുരി - 05)* — *Er പി.വി. പ്രമോദ്*
- Energy - as - a service (EaaS) — *Er M. Anil*
- നല്ല ചിന്ത *(സുഭാഷിതം)* — *Er കെ. ശശിധരൻ*
- നീതിന്യായ വ്യവസ്ഥ *(നാടുനന്നാകാൻ - 13)* — *Er ഇ.എം. നസീർ*
- Energy Briefs — *Er Subha T.G.*
- Show me the person and I will show you the law — *Er. Thomas Kolanjikombil*
- Fixed charge is not fixed — *Er. Sudhakaran Nair*
- ഖത്തർ ലോകകപ്പ് - ഒരു ദൂരകാഴ്ച — *Er മാമ്മൻ സി.എസ്.*

KSEBL failed to create any of these components. Looking at current scenario, the set of applications in KSEBL are grossly inadequate to address its problems, often creating false data on which many decisions are being taken. The deployed accounting software cannot create a true balance sheet or profit & loss account as per standards required and deployed tools need multiple applications and multiple windows for data entry, for getting reports and doing business. KSEBL have a set of IT Employees who are not fully aware of business rules or functional requirements and have employees who are not adequately aware about the existing functionalities of the packages and ends up doing all the wrong things rather than what it is intended for.

Learning new technological skills is essential for digital transformation. But it is not enough. Employees must be motivated to use their skills to create new opportunities. They need a digital mindset. A digital mindset is a set of attitudes and behaviors that enable people and organizations to see how data, algorithms, and digital tools create new possibilities. This is the path for success in a business landscape increasingly dominated by data-intensive and intelligent technologies. KSEBL need to build up the digital mindset before really delving deep into creating the new ecosystem using smart meter technologies.

The reason is obvious. The accompanying packages envisaged for “Smart Metering” as described in bidding documents need deployment of new age technologies like “Block-Chain”, Machine Learning and Artificial Intelligence. The vast amount of circulating data from smart metering can be overwhelming, particularly as we need to have automated filtering systems capable of extracting meaningful information. Data collection from smart meters does offer business intelligence, and we need to use the information beyond billing purposes since there is a huge scope of meaningful insights on consumption. Data such as this can then be used effectively to underpin strategic asset investment and predictive maintenance programs. The usage of these technologies in a utility environment needs to be explored and the possibilities of these technologies and use cases need to be developed. These need a digital mindset and active involvement. Hence if the implementation of “Smart Metering” is to be successful, we need a mindset transformation among leaders, engineers, and employees. Leaders who have a digital mindset are better able to set their organizations up for success and to build a resilient workforce. And companies that have a digital mindset, react faster to vagaries of business and will be well positioned to take advantage of new business opportunities.

Like any other change initiative, digital transformation will encounter resistance, and early missteps are inevitable. KSEBL need to focus on preparing people for a new digital organizational culture and on designing and aligning systems and processes to have a successful deployment of smart infrastructure. We need to begin with assessing how employees, especially implementing officers, feel about the plans for digital transformation. Some may be apprehensive about the unknown; others may worry about their own capacity to learn and apply the new technology and skills to their jobs. These anxieties will affect technical and nontechnical roles.

## തീജ്വാല



# ടെസ്റ്റ് ഡോസുകളുടെ ഇന്ത്യൻ വകഭേദങ്ങൾ

***Er* എൻ.ടി. ജോബ്**

*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**ഇ**ന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി മേഖലയെക്കുറിച്ചുള്ള പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയ നീതി ആയോഗ് പറഞ്ഞിരിക്കുന്നത് ഇന്ത്യയിലെ വൈദ്യുത മേഖലയിൽ മൂന്നു കാര്യങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കേണ്ടതായി ഉണ്ടെന്നും ആ മൂന്നുകാര്യങ്ങൾ 1) പ്രസരണ - വിതരണ - വ്യാപാര നഷ്ടം എട്ടു ശതമാനത്തിലെത്തിക്കണം. നിലവിലുള്ളത് ഇരുപത്തിനാലുശതമാനമാണ് . 2) ഒരു യൂണിറ്റ് ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുവരുന്ന ചെലവും ഒരു യൂണിറ്റ് വില്പന നടത്തി ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കണം. ശരാശരി തൊണ്ണൂറുപൈസയുടെ വ്യത്യാസമാണുള്ളത്, ചെലവിനേക്കാൾ വരുമാനം. 3) ഇരുപത്തിനാലു മണിക്കൂറും ഇടതടവില്ലാതെ സപ്ലൈ ഉപഭോക്താക്കൾക്കു കൊടുക്കണം. ഇപ്പോഴുള്ളത് തൊണ്ണൂറ്റി ആറു ശതമാനമാണ്.

---

Employees may be dubious about what the digital transformation will do to their future. The highest levels of adoption occur when employees are motivated to develop competence because they fully buy into the transformation strategy and feel capable of helping make it a reality.

The challenge is how to do this in KSEBL. The fact that KSEBL is reeling under financial pressure is to be conveyed to all employees. The Govt has unequivocally conveyed that Electricity duty need to be remitted to Govt exchequer from now onwards (from 10/2023). This will further create problems for KSEBL in their day-to-day affairs. The fact that a transformation is very much needed is to be communicated down the ranks. The advantages of the transformation need to be spread out. Management should take steps to address the employees directly rather than going through the intermediary routes of Unions and Associations. They need to create confidence in the employees. The fact that this management technique of going directly to the employees was successfully done not so long ago, renders support for such efforts.

Digital technology and its impact on organizational structures, job roles, people's competencies, and customer needs is ever changing. Every management needs to be adaptive about this. Digital transformation is not a goal that one achieves; it is the means to achieve one's unique goals. By inculcating a digital mindset, employees across the organization shall be equipped to seize the opportunities our dynamic world presents. Hope KSEBL management seize the opportunity in its right perspective to drive the organisation to its unique goal of delivering cheap, uninterrupted, quality power to the people of the State

ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ പലവിധ നടപടികൾ എടുക്കുന്നുണ്ടെങ്കിലും ലക്ഷ്യത്തിലേക്ക് എത്തുവാൻ കടമ്പകൾ ഇനിയും കുറെ കടക്കേണ്ടതുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഇന്ത്യയിലൊട്ടാകെ ഒരേ മാതൃക അവലംബിക്കുന്നതിൽ അർത്ഥമില്ലെന്നും ഓരോ സംസ്ഥാനത്തിനും ഇണങ്ങിയ മാതൃക കണ്ടുപിടിച്ച് നടപ്പിലാക്കണമെന്നുമാണ് നീതി ആയോഗ് വ്യക്തമാക്കുന്നത്. ആഗോള രാഷ്ട്രങ്ങളിലുള്ള വൈദ്യുതി മേഖലയിലെ നിലവിലെ അവസ്ഥയും വിലയിരുത്തിയിട്ടുണ്ട്. ആഗോളതലത്തിൽ വൈദ്യുതി വിതരണ മേഖലയിലെ എഴുപതുശതമാനവും പൊതുമേഖലയുടെ നിയന്ത്രണത്തിലാണെന്ന് നീതി ആയോഗ് പറഞ്ഞുവെയ്ക്കുന്നു. ഇന്ത്യയിലെ ആസൂത്രണത്തിന്റെ തലതൊട്ടപ്പൻമാരായി കണക്കാക്കുന്ന നീതി ആയോഗിന്റെ വിലയിരുത്തലുകളെല്ലാം പുച്ഛിച്ചു തള്ളുന്ന നിലപാടുകളാണ് സർക്കാരുകൾ സ്വീകരിക്കുന്നതും. നീതി ആയോഗ് പറയുന്നത് ഇലക്ട്രിസിറ്റി കൺകറന്റ് ലിസ്റ്റിൽ പെടുന്ന വിഷയമായതുകൊണ്ട് സംസ്ഥാനത്തിനാണ് നിയമങ്ങൾ കൊണ്ടു വരുന്നതിനുള്ള അധികാരം കൂടുതൽ ; അതുകൊണ്ട് സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടുകൂടി മാത്രമെ ഏതു നിയമവും പ്രയോഗിക തലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ അവരുടെ അഭിപ്രായങ്ങൾ മാനിക്കാതെയാണ് കേന്ദ്രം വൈദ്യുതി നിയമ ഭേദഗതി പാർലമെന്റിൽ അവതരിപ്പിക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റിക്കു വിടുകയും ചെയ്തിരിക്കുന്നത്. നിയമഭേദഗതിയുടെ പ്രധാന ഉദ്ദേശം വിതരണ മേഖലയിലേക്ക് സ്വകാര്യ സംരംഭകർക്കു പ്രവേശനം അനുവദിക്കുക എന്നുള്ളതാണ്. ഇതിനുവേണ്ടി രണ്ടായിരത്തി മൂന്നിലെ നിയമം പാസാക്കിയതു മുതൽ പല ഭേദഗതികളും വന്നെങ്കിലും പാർലമെന്റിൽ അവതരിപ്പിച്ച് സ്റ്റന്റിംഗ് കമ്മിറ്റിക്കു വിടുന്ന രണ്ടാമത്തെ ഭേദഗതിയാണ് ഇത്. ആദ്യത്തെ ഭേദഗതി സ്റ്റാന്റിംഗ് കമ്മിറ്റിക്കുവിട്ടുവെങ്കിലും തിരിച്ചെത്തി പാർലമെന്റിൽ പാസാക്കിയില്ല. അതുകൊണ്ട് ഇപ്പോഴത്തെ ഭേദഗതിക്ക് എന്താണ് സംഭവിക്കുകയെന്നു കണ്ടുതന്നെ അറിയണം. നിയമഭേദഗതി പാസാക്കുന്നതിനുള്ള സാധ്യത വളരെ കുറവായാണ് കാണുന്നത്.

രണ്ടു താല്പര്യങ്ങളുടെ സംഗമ ഭൂമിയാണ് ഭേദഗതിയെ കാണുന്നത്. ഒന്ന് സ്വകാര്യ സംരംഭകരെ പ്രവേശിപ്പിക്കുക. രണ്ട് പെർഫോർമൻസ് നന്നാക്കിയെടുക്കുക. ഇതിനുവേണ്ടി പല മാർഗ്ഗങ്ങളും കേന്ദ്ര സർക്കാർ ശ്രമിച്ചു നോക്കിയിട്ടുണ്ട്. അതിൽ അവസാനത്തേതാണ് പാർലമെന്റിൽ അവതരിപ്പിക്കുന്ന നിയമഭേദഗതി. വൈദ്യുതി നിയമം 2003 നിലവിൽ വരുമ്പോൾ നമ്മുടെ രാജ്യത്ത് കൽക്കട്ട, ബോംബെ എന്നിവിടങ്ങളിൽ മാത്രമായിരുന്ന സ്വകാര്യ കമ്പനികൾ കാര്യമായ തോതിൽ വൈദ്യുതി വിതരണം നടത്തിയിരുന്നത്, കേരളത്തിലെ മൂന്നാർ പോലെ ചെറിയ ചില പോക്കറ്റുകളിൽ മറ്റുചില സ്വകാര്യ കമ്പനികളും വൈദ്യുതി വിതരണം നടത്തുന്നുണ്ട്. നിയമം വന്നതോടുകൂടി വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിനുള്ള ലക്ഷ്യവും നിയമവ്യവസ്ഥയിൽ ഉണ്ടായിരുന്നു. നിയമത്തിനു പിന്നാലെ ആന്ധ്രാപ്രദേശ്, കർണാടക പോലെയുള്ള സംസ്ഥാനങ്ങൾ ജില്ലാ അടിസ്ഥാനത്തിലും മേഖലാ തലത്തിലും വിതരണമേഖല സ്വകാര്യ സംരംഭകർക്കു കൈമാറുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ക്ലച്ച് പിടിച്ചില്ല; എവിടെയും കൈമാറ്റം നടന്നില്ല. എന്നാൽ ഡൽഹിയിൽ രണ്ടു മേഖലയിലായി നടത്തിയ ടെണ്ടർ നടപടികൾ വിജയിക്കുകയും രണ്ടുകമ്പനികൾക്കു ഡൽഹി വൈദ്യുതി ബോർഡിനു കീഴിലുള്ള ആസ്തികളും ജീവനക്കാരെയും കൈമാറി – ഇത് വിജയകരമാണെങ്കിലും പിന്നീട് അത്തരം പ്രവണത സംസ്ഥാനങ്ങളിൽ കണ്ടില്ല; ആരും ശ്രമിച്ചില്ലെന്നതാണ് സത്യം.

സ്വകാര്യ സംരംഭകരെ ഈ രംഗത്ത് കൊണ്ട് വരണമെന്ന് വാശിയുള്ളവർ രാജ്യം ഭരിക്കുമ്പോൾ, ഇതുപേക്ഷിക്കുവാൻ വളരെ പ്രയാസമാണുതാനും. അത്തരം ആഗ്രഹങ്ങളുടെ ഫലമായി 2020 ൽ ധനവകുപ്പുമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു. കേന്ദ്ര ഭരണ പ്രദേശങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ സംരംഭ

കർക്കു കൈമാറും. കൈമാറുന്നതിനുള്ള നയപരിപാടികളും പ്രഖ്യാപിച്ചു. കേന്ദ്ര ഭരണ പ്രദേശത്തുള്ള വൈദ്യുതി വിതരണ മേഖല ഒരു പ്രത്യേക സ്പെഷ്യൽ പർപ്പസ് വെഹിക്കളായി ഡിസൈൻ ചെയ്ത്, ആ കമ്പനിയുടെ ഇരുപത്തിയാറു ശതമാനം മുതൽ നൂറു ശതമാനം വരെയുള്ള ഓഹരികൾ താല്പര്യമുള്ളവർക്ക് കൈമാറും. വളരെ നിർദോഷമായി തോന്നാമെങ്കിലും ഇതിലെ 26 എന്നത് ഒരു മാന്ത്രിക സംഖ്യയാണ്. കമ്പനി നിയമ പ്രകാരം ഏതു കമ്പനിയിലെയും ഇരുപത്തിയഞ്ചു ശതമാനം ഓഹരികൾ കൈവശമുള്ള ഒരാൾക്ക് കൂടുതൽ ഓഹരികൾ വാങ്ങികൂട്ടുന്നതിന് അനുമതി ലഭിക്കും. അങ്ങിനെ ആകെയുള്ള ഓഹരികളുടെ ഭൂരിഭാഗവും കരസ്ഥമാക്കുവാൻ സ്വകാര്യ സംരംഭകർക്ക് സാധ്യമാവും. 2020 സെപ്റ്റംബറിലാണ് ധനമന്ത്രി അവതരിപ്പിച്ചതെങ്കിലും നവംബർ മാസമാവുമ്പോഴേക്കും ഛണ്ഡിഗഡ് അവരുടെ വൈദ്യുത മേഖലയിലെ നൂറുശതമാനം ഓഹരികളും കൈമാറുന്നതിനുവേണ്ടി ടെണ്ടർ നടപടികൾ ആരംഭിച്ചുവെങ്കിലും ഡിസംബർ മാസത്തിൽ തന്നെ കോടതി ഉത്തരവിലൂടെ പ്രസതുത നടപടികൾ സ്റ്റേ ചെയ്തു. ഇതിനെ തുടർന്ന് നടപടികളെല്ലാം നിറുത്തിവെച്ചു കോടതി സ്റ്റേ നൽകിയെങ്കിലും തുന്നുവിട്ട ഭൂതം കുടത്തിൽ തിരിച്ചു കയറിയിരുന്നില്ല. ആ ഭുതം ചുറ്റി കറങ്ങി എത്തിയത് ഉത്തർപ്രദേശിലായിരുന്നു. ധനമന്ത്രി കേന്ദ്ര ഭരണ പ്രദേശങ്ങളുടെ കാര്യമാണ് പാർലമെന്റിൽ പറഞ്ഞതെങ്കിലും ഉത്തർ പ്രദേശിലെ ഭരണാധികാരികൾക്ക് കേന്ദ്രം തന്നെയാണ് സംസ്ഥാനത്തും ഭരിക്കുന്നതെന്ന ചിന്തയാകാം. സംസ്ഥാനത്തെ കിഴക്കൻ യുപിയിൽ വൈദ്യുതി വിതരണം നടത്തുന്ന പൂർവ്വാ ഞ്ചൽ വൈദ്യുതി വിതരണ കമ്പനിയുടെ ഓഹരികൾ വില്പനയ്ക്കു വെച്ചു. ഇതിനെതിരെയുള്ള എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും പ്രക്ഷോഭം കാര്യങ്ങൾ മാറ്റി മറിച്ചു. സർക്കാരിനു ഈ നീക്കത്തിൽ നിന്നും പിൻമാറേണ്ടി വന്നു.

ഇതിനിടയിൽ തന്നെ ടെണ്ടർ നടപടികളിലേക്കു കടന്ന കേന്ദ്ര ഭരണ പ്രദേശമായിരുന്നു സാഗർ ഹവേലി, ഡാമൻഡ്യു എന്നിവ. അവിടെ ആകെയുള്ള ഉപഭോക്താക്കൾ ഒന്നേമുക്കാൽ ലക്ഷം മാത്രമായിരുന്നു എന്നാൽ വരുമാനം പ്രതിവർഷം ആറായിരം കോടി രൂപയായിരുന്നു. അതിനുകാരണം അവിടെ ഭൂരിഭാഗവും വ്യാവസായിക കണക്ഷനുകളായിരുന്നു. നമ്മുടെ കേരളത്തിൽ നൂറ്റി മുപ്പതുലക്ഷത്തിലധികം ഉപഭോക്താക്കളുണ്ടെങ്കിലും വരുമാനം പതിനാറായിരം കോടിമാത്രമാണെന്നു മനസ്സിലാക്കുമ്പോഴാണ് വ്യത്യാസം തിരിച്ചറിയുന്നത്. അവിടെ ടെണ്ടർ നടപടികളിലൂടെ അമ്പത്തിയൊന്നു ശതമാനം ഓഹരികളാണ് കൈമാറുവാൻ ലക്ഷ്യം വെച്ചത്, പക്ഷെ ഇതിനെതിരെ ചിലർ കോടതിയിൽ പോകുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തതോടെ കച്ചവടം നിന്നുപോയി. എന്നാൽ ഭരണാധികാരികളും വെറുതെയിരുന്നില്ല. അവർ സുപ്രീം കോടതിയെ സമീപിച്ചു, പരമോന്നത കോടതി സ്റ്റേ നീക്കുകയും ചെയ്തതോടുകൂടി ടെണ്ടർ നടപടികളുമായി മുന്നോട്ടുപോയി. ടോറന്റ് പവർ എന്ന കമ്പനിയാണ് നൂറ്റി അമ്പത്തിയഞ്ചു കോടി രൂപ വിലയിട്ടിരുന്ന അമ്പത്തിയൊന്നു ശതമാനം ഓഹരികൾ അഞ്ഞൂറ്റി അമ്പത്തിയഞ്ചു കോടി രൂപയ്ക്കു കരസ്ഥമാക്കിയത്. 2021 നവംബറിൽ കേന്ദ്രമന്ത്രിസഭയുടെ അംഗീകാരത്തോടെ ഈ കമ്പനിയിലേക്കു ഓഹരി കൈമാറ്റം നടന്നു. നാല്പത്തിയൊന്നു ശതമാനം ഓഹരികൾ കേന്ദ്ര ഭരണപ്രദേശത്തിന്റെ അധികാരിയായ ലെഫ്റ്റനന്റ് ഗവർണറിൽ നിക്ഷിപ്തമാണെങ്കിലും നിയന്ത്രണം ഇപ്പോൾ പുതിയ കമ്പനിക്കാണ്. ഇതിനിടയിൽ പോണ്ടിച്ചേരിയിലും ഓഹരി കൈമാറ്റത്തിനു ടെണ്ടർ വിളിച്ചിരുന്നുവെങ്കിലും ശക്തമായ പ്രക്ഷോഭത്തെ തുടർന്നു എല്ലാ കച്ചവടവും നിറുത്തിവെച്ചു.

ഓഹരി കൈമാറ്റത്തിന്റെ രീതിപരീക്ഷിക്കുന്നതിനിടയിൽ തന്നെ മറ്റൊരു പരീക്ഷണവും നടത്തിയിരുന്നു. അത് ഫ്രാഞ്ചൈസി രീതിയായിരുന്നു. ഒരു പ്രത്യേക മേഖലയിലെ റവന്യൂ പിരിച്ചെടുക്കുന്നതും ബിൽ നൽകുന്നതും പുതിയ കണക്ഷനുകൾ നൽകുന്നതും ഈ ഫ്രാഞ്ചൈസിയ്ക്കു വിട്ടു നൽകും. ഇത്ത

രത്തിൽ മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഒറീസ, മേഘാലയ, ത്രിപുര, രാജസ്ഥാൻ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഫ്രാഞ്ചൈസി മോഡലിൽ വൈദ്യുതി വിതരണത്തിന്റെ ചുമതല നൽകിയിരുന്നു. എന്നാൽ ഇത്തരം മേഖലയിലെ ശൃംഖലകളുടെ ഉടസ്ഥാവകാശം സംസ്ഥാന സർക്കാരിനു കീഴിലെ കമ്പനികളിൽ തന്നെ നിലനിന്നു. ആഗ്രയിൽ 2009 മുതൽ ഈ രീതിയിൽ വൈദ്യുതി വിതരണം നടത്തിയിരുന്നുവെങ്കിലും ജനങ്ങളുടെ ഭാഗത്തു നിന്നും വളരെയധികം എതിർപ്പുകൾ ഉണ്ടായതിനെ തുടർന്ന് 2015ൽ ഫ്രാഞ്ചൈസി റദ്ദാക്കി ഉത്തരവിറങ്ങി. ഫ്രാഞ്ചൈസികളോടുള്ള എതിർപ്പ് താരതമ്യേന കുറവാണെന്നു മനസ്സിലാക്കി കൊണ്ടാണ് പുതിയ നിയമ ഭേദഗതിയിൽ വൈദ്യുതി ശൃംഖലയുടെ ഉടമസ്ഥാവകാശം സർക്കാർ കമ്പനിയിൽ തന്നെ നിക്ഷിപ്തമാക്കി ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ഇതൊരു പിൻവാതിൽ നിയമനമമാണെന്ന് തിരിച്ചറിഞ്ഞ എഞ്ചിനീയർമാരും തൊഴിലാളികളും അഖിലേന്ത്യാ തലത്തിൽ സമരംഗത്താണ്.

പാർലമെന്റിൽ വൈദ്യുതി നിയമ ഭേദഗതി അവതരിപ്പിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിരിക്കുമ്പോഴാണ് അദാനി ഗ്രൂപ്പ് മഹാരാഷ്ട്രയിൽ ന്യൂറായി, താനെ മേഖല യിൽ വൈദ്യുതി വിതരണത്തിന്റെ ലൈസൻ സിനു വേണ്ടി റഗുലേറ്ററി കമ്മീഷനെ സമീപിച്ചത്. മഹാരാഷ്ട്രയിൽ ടാറ്റയ്ക്കും, അദാനി ഗ്രൂപ്പിനും റിലയൻസിനും വിതരണ ലൈൻസുണ്ട്. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കൃത്യമായ നഷ്ട കണക്കു ലഭ്യമാകും. ഈ കണക്കുകൾ വെച്ചുകൊണ്ട് ഏതൊക്കെ ശൃംഖലകളാണ് നവീകരിക്കേണ്ടത് എന്നു മനസ്സിലാക്കി മാറ്റം വരുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള നവീകരണത്തിനുമാത്രം പതിനായിരം കോടി രൂപയുടെ ധനസഹായം കേന്ദ്രത്തിൽ നിന്നു ലഭിക്കും. അതിൽ തന്നെ ആറായിരം കോടി രൂപ ഗ്രാന്റ് ആയും ലഭിക്കും. ഈ രണ്ടു പദ്ധതികൾ വഴി നീതി ആയോഗ് ലക്ഷ്യം വെച്ചിരിക്കുന്ന പെർഫേർമൻസ് നമ്മുടെ സംസ്ഥാനത്ത് സാധ്യമാകും. പ്രസരണ - വിതരണ - വ്യാപാര നഷ്ടം എട്ടു ശതമാനത്തിൽ താഴെയും ഇരുപത്തി നാലു മണിക്കൂർ ഇടതടവില്ലാതെ സപ്ലൈ നൽകുവാനും സാധിക്കും. നഷ്ടം കുറച്ചുകൊണ്ടു വരുന്നതോടുകൂടി മൂന്നാമത്തെ നിബന്ധനയായ യൂണിറ്റിനു വരുന്ന ചെലവും വരുമാനവും തമ്മിലുള്ള അന്തരം ഇല്ലാതാക്കുവാനും സാധിക്കും.

നേരത്തെയുണ്ടായ പ്രക്ഷോഭങ്ങളിലൂടെ സ്വകാര്യവൽക്കരണം തടഞ്ഞ സംസ്ഥാനങ്ങളിലെല്ലാം സംസ്ഥാന സർക്കാർ ജീവനക്കാരുമായുണ്ടാക്കിയ കരാർ പ്രകാരം ഈ മൂന്നു ലക്ഷ്യങ്ങളും നിലവിലുള്ള പൊതുമേഖലാ കമ്പനികൾ വഴി തന്നെ നേടിയെടുക്കാമെന്ന പ്രതീക്ഷയിലാണ്.

അതുകൊണ്ട് സ്മാർട്ട് മീറ്റർ പദ്ധതിയും വൈദ്യുതി ശൃംഖലകളുടെ നവീകരണ പദ്ധതികളും നടപ്പിലാക്കി ഈ മൂന്നു ലക്ഷ്യങ്ങളും നേടാനാവാതെ വന്നാൽ സംസ്ഥാന സർക്കാരിനുപോലും കേന്ദ്ര സർക്കാരിനു മുമ്പിൽ പിടിച്ചുനിൽക്കാനാകില്ല.

നമ്മുടെ സംസ്ഥാനത്ത് സോളാർ പദ്ധതികൾ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയപ്പോഴും, ഇപ്പോഴും സ്വകാര്യ കമ്പനികളാണ് സോളാർ പാനലുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും. അതിൽ അയിത്തം കാണിക്കാത്തവർ സ്മാർട്ട് മീറ്റർ പദ്ധതിയുടെ കാര്യത്തിൽ മാത്രം അയിത്തം കാണിക്കുമ്പോൾ അതിനു പിന്നിൽ എന്തോ ഗൂഢലക്ഷ്യമുണ്ടെന്നത് വ്യക്തമാണ്. അതും കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് നടപ്പിലാക്കുന്നതെന്നതും കണക്കിലെടുക്കുമ്പോൾ.

സ്വകാര്യവൽക്കരണത്തെ തടഞ്ഞു നിർത്തണമെങ്കിൽപെർഫോർമൻസ് ഉണ്ടായേ മതിയാവൂ. അത് നേടിയെടുക്കുവാൻ കെ.എസ്.ഇ.ബി.യ്ക്കു തന്നെ കഴിയുമെന്നു തെളിയിക്കേണ്ടതാണ് അനിവാര്യത. സ്മാർട്ട് മീറ്റർ പദ്ധതിക്കു വേണ്ടതായ തുക മുഴുവനായും കേന്ദ്രം സഹായമായി നൽകുമ്പോൾ അത് തട്ടിമാറ്റുന്നവരുടെ ലക്ഷ്യം സ്വകാര്യവത്ക്കരണം വിതരണ മേഖലയിൽ കൊണ്ടുവരുന്നതിനുള്ള വളമിടലാണ്.

✵

# What happens to those committing Suicide? - 2



***Dr. Thomaskutty Mathew*** Ph.D., D.Sc.
*Deputy Chief Engineer (Rtd.)*

*This narration is taken from "Empathy in End of life Issues", a paper presented in the National Conference in Empathy, held at LIPAR, Aluva, in collaboration with Amritha Institute of Medical Science Kochi and XLRI Jamshedpur, in November 2022 . End-of- life issues normally deal with other issues. But suicide can also figure out in such issues, from a different view point.*

*Notwithstanding anything contained in the arguments of atheists or others, for the time being we assume that*

1. *There is a soul inherent in every human personality*
2. ***Experience is possible for the soul***
3. ***Consciousness can continue after death**, though proof of manifestation is available only in very rare cases.*

Dr. Elizabeth Kublair Rose from America, is a psychiatrist of international repute. She has almost initiated a revolution in the attitude of doctors, nurses, and relatives towards patients in death bed. After conducting studies on the subject for many years, Dr. Rose and other experts have also stated that sinful **acts like suicide cause untold sorrow and sufferings** to the soul.

We know that committing suicide is a crime before a court of law in this world as well as in the astral world. It is a crime against nature too. No religion or legal conscience approve this. As per legal procedures cases are registered against those who commit suicide, no matter they survive or not in their attempt. However there is no meaning in proceeding legally against those who die in their attempt, as far as the (soul of) victim is concerned. For no court of law in the physical world have jurisdiction over the souls in the astral world, or in the subsequent reincarnated body in the physical world, as the legal procedures do not approve the "philosophy of reincarnation" no matter however strong the researches in the field of reincarnation prove it and corroborate it with any evidence.

None of the Western researchers on Reincarnation like, Dr.Ian Stevenson, Jim Tucker, of Virginia University and many others give any authoritative conclusion on afterlife, though many of them approve the cases of Reincarnation. But Indian literature like The Path, 2nd Coming of Jesus Christ , Autobiography of a Yogi,(Paramahamsa Yoganada) can explain this quite authoritatively.

**<u>1.What is lying in wait for the soul?</u>**


On reaching the astral world, ( supposed to be the domain of spirits), the souls of the suicides find, to their utter

despair, that their decision was a total mistake, a Himalayan Blunder. In fact their problems multiply many folds simply because of this act, primarily because the sufferings there are intolerable. Their karma cannot be worked out easily for want of a proper body; They are unable to find slots of a good body for a new rebirth.

***It is like the pathetic condition of passengers losing their way in some initial part of the journey, missing the travel and being helpless and unable to cancel the costly ticket or go back to the original station, in a way.*** *That means they cannot "undo" the act of suicide and retain the original body and life , which was far, far better compared to the suffering in waiting every second in the lower hell realm, is more than intolerable. So they frantically search or hunt for a suitable birth and body. In their agony they become more than willing to compromise for any damn body.*

**2.Can possession take place ?**

*People may laugh at the idea of Possession (as a topic of ridicule) in modern times. However we may analyse that too with the assumption that human personality is an unbalanced three phase system with, Body, Mind and Spirit/Soul as the three phases. Fig.1*




**3.Dual or Split Personality.**

**Psychiatrists use the term for some physic patients, but do not give a technical explanation.** In the case of dual personality, or possession, body is same but soul is different. The primary soul / personality is the normal address and identity of the person. At the time of possession second soul /personality without any body for itself crash through and during this period of occupancy of this second soul, the first personality is absent and the second personality with the same body but different mind and soul activates.

**Fig. 2** is an illustration sketch of Dual or Split Personality.

Original personaloity with Spirit-1 and Mind-1, is replaced with Spirit-2 and its Mind-2. However, the body remains exactly the same in personality 1 and personality 2.


**Hence the term Split** or **Dual Personality.**

*Spiritual possession is, a tramp soul using the body of the possessed and keeping the victim as a slave as in Fig.2.Here is the conceptual model of Personality-1, with Mind-1 and Soul-1 .When possessed with another soul-2 and mind -2 but with the same physical body. See how different the personality is changed to personality-II, in the two cases on the same body*

***4.Tramp steal rides-simile***.

*As tramp steal rides in unlocked automobiles, left by the way side and ruin them, tramp souls steal rides by entering the bodies of passive Souls and usually wreck the brain engines.*

*Tramp Soul is usually a disembodied soul of a murderer, or a man who has committed*




*suicide. Because of his disregard for his life his own karma has condemned him to an existence like a nightmare in the astral world. Disembodied souls have only the sixth sense of intuition . Most of the tramp souls begin to move about and try to get hold of some passive bodily vehicle through which to express their agony and wicked tendencies.*

As seen in (some Autowritings -) "The Secrets of Astral World", the bad souls destined for hell have got to overcome extreme sufferings though for a comparatively short duration to work out bad karma. But the souls finding this extremely intolerable may very well prefer lesser suffering though for longer duration in the rebirth in earth plane. So in their confusion and hurry burry they catch up these weak souls for a body, already used by another soul (known as the possessed) by force as they are too fed up with the torture to wait for an independent good new birth and body, denied for those committing suicide.

***5.Partial Reincarnation***

*Disembodied soul keeps the soul of the obsessed man in a state of suspension, neutrality and sub-hypnosis, so that the instruments of consciousness -senses, brain and body- could be used without interruption. This whole actof spirit possession can be coined as* ***Partial Reincarnation***

**6.The Dual Sim Cards Concept.**

It is easy to understand this concept of possession with that of dual sim card operation. Just as we use two sim cards in our cell phones, two personalities or souls use the same body, sharing it. When the second sim card works the first one is toggled off. In cell phones the owner decides which sim card to be toggled in, whereas in possession cases the second soul forcibly takes over the control of the body with a separate soul and mind.

But here the second sim card can be rendered ineffective by an exorcist

***Conclusion.***

*When you empathise with the prospective suicides, make them aware of this risk factor too. Most of the souls end up in getting rebirth in bodies rated very low and even of beasts (beast of burden). These are the rare cases of rebirth, instead of reincarnation. Some of them have to be satisfied with a spirit possession technique, where they share a body for karma work out, which is insufficient. But something is better than nothing, as they assume. Further any spiritually advanced* exorcists , *Masters who can distinguish between spirit possession and ordinary brain derangement, have the power to evict or evacuate them out of these human bodies they unlawfully possess.3, anytime unexpectedly and abruptly putting an end to their so-journ of temporary relief.*

[1] *Ref: Do you Believe in "Rebirth and Partial-reincarnation" ofKeralabookstore.com*

## KSEB എഞ്ചിനീയേഴ്സ് അസോസിയേഷൻ, കാസറഗോഡ് യൂണിറ്റ് വീട് വൈദ്യുതീകരിച്ചു നൽകി.



മധൂർപഞ്ചായത്ത് കുഡ്‌ലു ശിവകൃഷ്ണ റോഡിലെ പ്രേമ -മുരളീധർ ഷെട്ടി ദമ്പതിമാരുടെ വീട്, KSEB എഞ്ചിനീയേഴ്സ് അസോസിയേഷൻ ഇടപെട്ട് വൈദ്യുതീകരിച്ചു നൽകി. പ്രേമയുടെ അസുഖത്തെ തുടർന്ന് കുടുംബം ചികിത്സയ്ക്ക്തന്നെ പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്ന സമയത്താണ്, അവർ പുതുതായി പണിത വീട്ടിലേക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതീകരണ ചെലവ് വഹിക്കാൻ പറ്റാത്ത സ്ഥിതിയിലായത്.

ഈ വിവരം അറിഞ്ഞ കാസറഗോഡ് യൂണിറ്റ് പ്രസ്തുത ദൗത്യം ഏറ്റെടുത്ത് കണക്ഷൻ ലഭ്യമാക്കി. ഇതിന്റെ സ്വിച്ച്-ഓൺ കർമം മധൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണ നിർവഹിച്ചു. KSEB എഞ്ചിനീയേഴ്സ് അസോസിയേഷൻ യൂണിറ്റ് ചെയർമാൻ Er കെ. നാഗരാജ ഭട്ട് അധ്യക്ഷത വഹിച്ചു. കാസറഗോഡ് സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ. ഹൈദരലി ടി.പി, 15-ാം വാർഡ് മെമ്പർ ശ്രീമതി ജനനി, മഹിളാ മോർച്ച ജില്ലാ പ്രസിഡന്റ് പുഷ്പാ ഗോപാലൻ, BJP മധൂർ വെസ്റ്റ് പ്രസിഡന്റ് ശ്രീ. ചന്ദ്രഹാസ, അസോസിയേഷൻ കേന്ദ്ര കമ്മിറ്റി അംഗം ശ്രീ. അബ്ദുൽഖാദർ സി.എച്ച്, മെമ്പർമാരായ സർവ്വശ്രീ. ശംസുദ്ദിൻ,സുസ്മിത എന്നിവർ സംസാരിച്ചു. സെക്രട്ടറി Er സുഭിലാഷ് കുമാർ കെ. നന്ദി പ്രകാശിപ്പിച്ചു.


### *Condolences & prayers for the departed soul."*



Er K. Arumughan
Deputy Chief Engineer (Rtd.)



Er P.V. Joy
Executive Engineer (Rtd.)



Er P. Sivansankaran
Deputy Chief Engineer (Rtd)

# രാഷ്ട്രീയ മനഃശാസ്ത്രത്തിന്റെ അകത്തളങ്ങൾ ഉത്തുംഗമായ കളവുകൾ



**ഡോ. സി. രാമചന്ദ്രൻ**
*ഡെപ്യൂട്ടി ചീഫ് എൻജിനീയർ (റിട്ട.)*

**ലോ**കം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ക്രൂരനും നിഷ്ഠൂരനുമായ ഒരു ഏകാധിപതിയാണ് അഡോൾഫ് ഹിറ്റ്ലർ എന്നതിൽ രണ്ടു പക്ഷം ഉണ്ടാകാൻ ഇടയില്ല. അദ്ദേഹം വളരെ ഫലപ്രദമായി ഉപയോഗിച്ച് വിജയിച്ച ഒരു പ്രചരണായുധം ഉണ്ടായിരുന്നു. അതിന്റെ പേര് **Big Lie** എന്നാണ്. (വലിയ കള്ളമെന്നോ, ഉത്തുംഗമായ കളവെന്നോ, മഹത്തായ കളവെന്നോ, എല്ലാം മനോനില അനുസരിച്ച് ഓരോരുത്തർക്കും വിവർത്തനം ചെയ്യാം.)ഇത് വിശദമായി പ്രതിപാദിച്ചിരിക്കുന്നത് 1925 ൽ ഹിറ്റ്ലർ തന്നെ സ്വയം പറഞ്ഞെഴുതിച്ചിരിക്കുന്ന Mein Kampf എന്ന ബുക്കിലാണ്. അവിശ്വസനീയമായ കളവുകൾ നിരന്തരം പ്രചരിപ്പിച്ചാൽ മനഃശാസ്ത്രപരമായി ബഹുഭൂരിപക്ഷം ജനങ്ങളും ബന്ധപ്പെട്ടവരും അത് വിശ്വസിക്കുകയും അതിന് അടിമകളായിത്തീരുകയും ചെയ്യും എന്നതാണ് ഈ തിയറിയുടെ രത്നച്ചുരുക്കം. ജനക്കൂട്ട മനഃശാസ്ത്രം ഇതുമായി തികച്ചും ഒത്തു പോകുന്നുവെന്നാണ് മനഃശാസ്ത്രജ്ഞർ പറയുകയും വിശ്വസിക്കുകയും ചെയ്യുന്നതും. ഈ പ്രതിഭാസത്തിന് ക്ളിനിക്കൽ സൈക്കോളജിയിൽ Unconscious conspiracy എന്നാണ് പേര്.(അബോധപൂർവമായ ഗൂഢാലോചന എന്ന് വേണമെങ്കിൽ വിവർത്തനം ചെയ്യാം.)

എന്നാൽ ഈ തിയറി ഭാവിയിൽ എങ്ങിനെയോ എന്തോ അറിയപ്പെട്ടത് ഗീബൽസിന്റെ പേരിലാണ്. ഹിറ്റ്ലറുടെ Big Lie തിയറി 1942 ൽ ഒരു ലേഖനത്തിൽ (അതായത് ഹിറ്റ്ലറുടെ പ്രയോഗത്തിന് പതിനാറു വർഷങ്ങൾക്കു ശേഷം) ഗീബൽസ് ഇങ്ങനെ വ്യാഖ്യാനിച്ചു.

The Essential English Leadership Secret does not depend on particular intelligence. Rather it depends on a remarkably STUPID thick headedness. The English follow the principle that when one lies ,one should lie big and stick to it.They keep up their lies even at the risk of looking ridiculous. (അടിസ്ഥാന ഇംഗ്ലീഷ് നേതൃത്വ രഹസ്യം ഏതെങ്കിലും പ്രത്യേക ബുദ്ധിപരമായ വസ്തുതകളെ ആശ്രയിച്ചല്ലിരിക്കുന്നത്. മറിച്ച് മൂഢത്വവും മരത്തലയത്വവുമാണ് അതിന്റെ മുഖമുദ്രയെന്നു സാരം. കളവു പറയുമ്പോൾ അത് വലിയ കളവായിരിക്കണം. അതിൽ ഉറച്ച് നിൽക്കുകയും വേണം. പരിഹാസ്യമായേക്കാമെന്ന ഭയംപോലുമരുത്)

നമ്മുടെ ആനുകാലിക സാമൂഹ്യ-രാഷ്ട്രീയ വിദ്യാഭ്യാസരംഗങ്ങളിൽ മേൽപറഞ്ഞ തിയറി എത്ര വിദഗ്ധമായാണ് നമ്മുടെ പല രാഷ്ട്രീയനേതൃത്വങ്ങളും മീഡിയ വിദഗ്ധരും ഉപയോഗിയ്ക്കുന്നത്. ഭരണഘടനാ സ്ഥാപനങ്ങളിലെ (വിശേഷിച്ച് പബ്ളിക് സർവീസ് കമ്മീഷൻ പോലുള്ള, ചെറുപ്പക്കാർക്ക് ആത്യന്തികമായി ആശ്രയിക്കാവുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഭരണാധികാരികളെ നിയമിക്കുമ്പോഴെല്ലാം ഈ തിയറി എത്ര ദൗർഭാഗ്യകരമായാണ് ഉപയോഗിയ്ക്കുന്നത്. ശുദ്ധമായ നിക്ഷ്പക്ഷതയോടെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഭരണഘടനാപരമായ അവകാശങ്ങളും തുല്യതയും ഉറപ്പു വരുത്തേണ്ടവർ തന്നെ നിയമിയ്ക്കപ്പെടുന്നതെങ്ങിനെയാണ്. ഇത് ജനങ്ങളെ ഞെട്ടിയ്ക്കേണ്ടതല്ലേ. ഞെട്ടുന്നതിനു പകരം ഗ്യാപ്പിൽക്കൂടി

നമുക്കും ആകാം ഒരു ഗോൾ എന്ന സിദ്ധാന്തത്തിൽ ബുദ്ധിജീവികളെന്ന് അനുമാനിയ്ക്കപ്പെടേണ്ടവർ കൂടി ചിന്തിച്ചാൽ എന്തു ചെയ്യും.

Big Lie യെ സംബന്ധിച്ച് ഹിറ്റ്ലറുടെ കാഴ്ചപ്പാടിനെക്കുറിച്ച് അമേരിക്കയിലെ ഒരു War Report ഇങ്ങനെ എഴുതി.

His Primary Rules were,

1. Never allow the Public to cool off'
2. Never admit a fault or wrong
3. Never concede that there may be some good in your enemy.
4. Never leave room for alternatives.
5. Never accept blame.
6. Concentrate on one enemy at a time and blame him for every thing that goes wrong.
7. People will believe a big lie sooner than a little one and if you repeat it frequently enough people will sooner or later believe it.

**ഇതിന്റെ വിവർത്തനം ഇങ്ങനെ ആക്കാം.**

1. ബഹുജനങ്ങളെ ഒരിക്കലും ശാന്തരായിരിയ്ക്കാൻ അനുവദിയ്ക്കരുത്.

(ഇന്നു നമ്മുടെ നേതാക്കൾ ചെയ്യുന്നതും അതുതന്നെയല്ലേ. എല്ലാ പ്രശ്നങ്ങളും സ്വന്തം താൽപ്പര്യ സംരക്ഷണത്തിനായി നിരന്തരം കെടാതെ അവർ സൂക്ഷിയ്ക്കുന്നുണ്ടല്ലോ)

2. ഒരിയ്ക്കലും തന്റെ തെറ്റു സമ്മതിയ്ക്കരുത്. (എന്നെങ്കിലും ഒരു നേതാവ് സ്വന്തം തെറ്റുകൾ തുറന്നു സമ്മതിയ്ക്കുമോ. പരസ്യമായ പീഡനക്കേസ്സിനും തെളിവന്വേഷിയ്ക്കയല്ലേ. ചെയ്തവൻ സമ്മതിച്ചാലും ചെയ്യിച്ചവൻ അനുവദിക്കുമോ സമ്മതിക്കാൻ)
3. എതിരാളിയിലുള്ള യാതൊരു നന്മയും ഗുണവും അംഗീകരിയ്ക്കരുത്, ഒരിക്കലും. എപ്പോഴും അവനെ കുറ്റം പറഞ്ഞുകൊണ്ടേ ഇരിക്കണം. (മഴ പെയ്താലും ഇല്ലെങ്കിലും ഇടി വെട്ടിയാലും വണ്ടിമറിഞ്ഞാലും എല്ലാം).
4. ഒരിയ്ക്കലും പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ അനുവദിയ്ക്കരുത്. (നമ്മൾ കൊണ്ടുവന്ന ബില്ലാണെങ്കിലും മറ്റവൻ പാസ്സാക്കാൻ അനുവദിയ്ക്കരുത്. പിണ്ണാക്കുതന്നില്ലെങ്കിൽ അപ്പോൾത്തന്നെ ചക്കിൽ കാഷ്ടിച്ചുകൊള്ളണം. നമ്മുടെ അഭിപ്രായം തന്നെ മറ്റവൻ പറഞ്ഞാൽ പോലും പല്ലും നഖവും ഉപയോഗിച്ച് എതിർത്തുകൊള്ളണം)
5. ആര് എന്തു പറഞ്ഞാലും കുലുങ്ങരുത്, അംഗീകരിയ്ക്കരുത്. നോട്ടുകെട്ട് സ്വന്തം മടിക്കുത്തിൽ കണ്ടെത്തിയാലും ഗൂഢാലോചനയെന്നോ തനിയെ വന്നതെന്നോ ചാനലിനു മുമ്പിൽ നിന്നു നാണിയ്ക്കാതെയും മാനിയ്ക്കാതെയും തട്ടിവിട്ടുകൊള്ളണം.അർദ്ധരാത്രിയിൽ യാതൊരു ബന്ധവുമില്ലാത്ത സുന്ദരിയുമായി പിടികൂടപ്പെട്ടാലും പെണ്ണ് കിടക്കാനിടമില്ലാതെ യാചിച്ചതാണെന്നുതന്നെ പറയണം. വേണമെങ്കിൽ ചില സദാചാര ചർച്ചകളായിരുന്നെന്നു സൂചിപ്പിയ്ക്കയും ചെയ്യാം.
6. എല്ലായ്പോഴും ശ്രദ്ധമുഴുവൻ ഒരു ശത്രുവിൽത്തന്നെ ആയിരിക്കണം, ഒരു സമയത്ത്.(മുഖ്യ ശത്രു രാഷ്ട്രീയത്തിൽ മാറിക്കൊണ്ടിരിയ്ക്കുമല്ലോ). എന്തിനും ഏതിനും അവനെ നിരന്തരം കുറ്റപ്പെടുത്തിക്കൊള്ളണം. അതും വളരെ ഗൗരവതരമായിത്തന്നെ.
7. വലിയ വലിയ കള്ളങ്ങൾ ആരെക്കുറിച്ചും എന്തിനെക്കുറിച്ചും ഇടമുറിയാതെ തട്ടിവിട്ടാൽ ജനങ്ങൾ ഇന്നോ നാളെയോ വിശ്വസിച്ചുകൊള്ളുമെന്ന സത്യം എപ്പോഴും ഓർക്കുക.

ഇത്തരം കാപട്യങ്ങൾ നമ്മുടെ ബുദ്ധിജീവികൾ എന്നു തുറന്നു സമ്മതിക്കും.

ഈ തിയറികൾ ഇനി ഔദ്യോഗികമായി പാഠ്യപദ്ധതിയിൽ പെടുത്തിയാൽ മാത്രം മതി. ബാക്കി എല്ലാം ആയി.

# സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങളും ഗുണങ്ങളും

A. **ഉപഭോക്താക്കൾക്കുള്ള നേട്ടങ്ങൾ**

- വൈദ്യുതി ഉപഭോക്താക്കൾക്ക് മൊബൈൽ ആപ്പ് വഴി തങ്ങളുടെ ഊർജ്ജ ഉപഭോഗം സ്വയം മനസ്സിലാക്കുവാനും അതുവഴി വൈദ്യുത ഉപഭോഗം ക്രമീകരിക്കുവാനും അങ്ങനെ വൈദ്യുത ചാർജ് കുറയ്ക്കുവാനുമുള്ള അവസരം ലഭ്യമാണ്.
- ഒരു ഉപഭോക്താവ് സോളാർ ഉപഭോക്താവായി മാറുമ്പോൾ നിലവിൽ സ്മാർട്ട് മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ മറ്റൊരു നെറ്റ് മീറ്റർ സ്ഥാപിക്കേണ്ട ആവശ്യം ഒഴിവാകും. സ്മാർട്ട് മീറ്ററിനു ഇരുദിശയിലേക്കും വൈദ്യുതി അളക്കുവാനുള്ള സംവിധാനം ഉണ്ട്.
- നിലവിൽ രണ്ടു മാസത്തിലൊരിക്കൽ ബില്ലിംഗ് നടത്തുന്നത് മാറ്റി മാസത്തിലൊരിക്കൽ ബില്ല് ചെയ്യണമെന്ന ഉപഭോക്താക്കളുടെ നിരന്തര ആവശ്യം, സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലൂടെ നടപ്പാക്കാൻ കഴിയും. മാത്രമല്ല, ഡോർ ലോക്ക് ബില്ലിംഗ് മൂലമുള്ള തർക്കങ്ങളും ഒഴിവാക്കാൻ കഴിയും.
- ശരാശരി ഉപയോഗം കണക്കാക്കി ബില്ല് നൽകുമ്പോൾ ധാരാളം പരാതികൾ ഉടലെടുക്കാറുണ്ട്. അവ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലൂടെ ഒഴിവാക്കാൻ കഴിയും.
- ഒരു ഉപഭോക്താവിന് വൈദ്യുതി തടസ്സം ഉണ്ടായാൽ, അത് ഉപഭോക്താവ് പരാതിപ്പെടാതെ തന്നെ കെഎസ്ഇബിക്ക് മനസ്സിലാക്കുവാനും, അടിയന്തിരമായി ഇടപെട്ട് തടസ്സം പരിഹരിക്കുവാനും കഴിയും.
- വൈദ്യുതി കുടിശ്ശിക കാരണം ഏതെങ്കിലും ഉപഭോക്താവിന് വൈദ്യുതി വിച്ഛേദിക്കപ്പെട്ടാൽ, ഉപഭോക്താവിനു ഏതുനിമിഷവും ചാർജു അടച്ചു വൈദ്യുതി പുനഃസ്ഥാപിക്കുവാൻ സാധിക്കും

B. **സ്ഥാപനത്തിനുള്ള ഗുണങ്ങൾ**

- സ്ഥാപനത്തിന്റെ കാര്യക്ഷമത ഉയർത്തും
- ഉപഭോക്താക്കളിലേക്ക് വൈദ്യുതി എത്തിക്കുവാനുള്ള ട്രാൻസ്ഫോർമറിൽ സമാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വഴി 24x7 വൈദ്യുതി ഉറപ്പാക്കാൻ സാധിക്കും. അതിലെ ലോഡ് കൃത്യമായി അറിയുവാനും സാധിക്കും.
- 2021- 22 ലെ ഊർജ്ജ ആവശ്യകത 26703.19 മില്ല്യൻ യുണിറ്റും ഉപഭോഗം 23983.42 മില്ല്യൻ യുണിറ്റും, ഊർജ്ജ നഷ്ടം 2719.77 മില്ല്യൻ യുണിറ്റുമാണ് (10.19%). ഊർജ നഷ്ടം കൃത്യമായി മനസ്സിലാക്കുവാനും, വിശകലനം ചെയ്ത് നഷ്ടം കുറക്കുന്നതിനുള്ള ശരിയായ നടപടികൾ സ്വീകരിക്കുന്നതിനും സാധ്യമാണ്.
- വൈദ്യുതി വിതരണ കമ്പനികളുടെ മികവ് അളക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ടതാണ് ഉപഭോക്താവിനുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളുടെ എണ്ണവും, സമയദൈർഘ്യവും. ഇവ കൃത്യമായി മനസ്സിലാക്കുവാനും നടപടികൾ എടുത്ത് മികവ് ഉയർത്തുവാനും സ്മാർട്ട് മീറ്റർ കാരണം സാധ്യമാണ്.

- വൈദ്യുത ചാർജ് മുൻകൂർ ലഭിക്കുന്നതിനാൽ സ്ഥാപനത്തിനുവരുന്ന അധിക ബാധ്യത ഒരു പരിധിവരെ ഒഴിവാക്കാം.
- വൈദ്യുതി ഉപഭോക്താക്കളുടെ സ്മാർട്ട് മീറ്ററിൽ നിന്നുള്ള ഡാറ്റ ഓരോ 15 മിനിട്ടും കൃത്യമായി ലഭിക്കുന്നതിനാൽ ഡാറ്റാ വിശകലനം ചെയ്ത് കൃത്യമായി പ്ലാനിംഗ് നടത്തി കെ എസ് ഇ ബി യുടെ ഹ്രസ്വകാല/ ഇടക്കാല/ ദീർഘകാല കരാറുകൾ കൃത്യമായി ക്രമീകരിക്കുവാൻ സാധിക്കും. കൂടാതെ ഉപഭോക്താവിന് പീക്ക് സമയങ്ങളിൽ അവരുടെ ഉപയോഗം നിയന്ത്രിക്കുവാനും അതു വഴി കെഎസ്ഇ ബി-ക്ക് പീക്ക് സമയങ്ങളിൽ വൈദ്യുതി വാങ്ങുന്നതിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനും സാധിക്കും.
- മീറ്റർ റീഡർ, റവന്യൂ വിഭാഗത്തിലെ ജീവനക്കാർ തുടങ്ങിയവരെ ഡാറ്റാ വിശകലനത്തിനും വിതരണ നെറ്റ്വർക്ക് പരിപാലനത്തിനും പുനഃക്രമീകരിക്കാവുന്നതാണ്.
- പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വഴി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ വരുമെന്ന് പ്രതീക്ഷിക്കുന്ന 3000 മെഗാവാട്ട് വൈദ്യുതി ഗ്രിഡിൽ വരുത്തുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കാനും അതനുസരിച്ച് ലോഡ് മാനേജ് ചെയ്യുവാനും സാധിക്കും.
- ഇലക്ട്രിക് വാഹനങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ഉണ്ടാകുന്ന അധിക വൈദ്യുതി ആവശ്യകത എവിടെയാണെന്ന് കൃത്യമായി കണക്കാക്കുന്നതിനും അതുമൂലമുണ്ടാകുന്ന ലോഡ് വ്യതിയാനങ്ങൾ കൃത്യമായി അളക്കുവാനും കാലോചിതമായി വിതരണ നെറ്റ്വർക്കിൽ വേണ്ട മാറ്റങ്ങൾ വരുത്തുവാനും സാധിക്കും.
- Differential Tariff നടപ്പിലാക്കുവാൻ സാധിക്കും; അതായത് ഊർജ്ജ വിലയിൽ ഒരു ദിവസത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് അനുസരിച്ച് ഉപഭോക്താവിന്റെ നിശ്ചിത സമയങ്ങളിലെ താരിഫ് നിശ്ചയിക്കുവാനും, അതിന്റെ ഗുണം ഉപഭോക്താവിന് കൂടി ലഭ്യമാകുന്ന വിധം ക്രമീകരിക്കുവാനും സാധിക്കും. ഇതുവഴി ഉപഭോക്താക്കൾ open access ലേയ്ക്ക് പോകുന്നതിനുള്ള പ്രവണത കുറയ്ക്കുവാനും സാധിക്കും.
- സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വഴി കെഎസ്ഇബിക്ക് കിട്ടാനുള്ള കുടിശ്ശിക ഘട്ടം ഘട്ടമായി കുറച്ചുകൊണ്ട് വരുവാനും ഇതുമൂലമുണ്ടാകുന്ന പരാതികളും കേസുകളും ഒഴിവാക്കുവാനും സാധിക്കും.
- സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകഴിഞ്ഞാൽ കൃത്യമായി എനർജി ഓഡിറ്റിംഗ് നടത്തി Bureau of Energy Efficiencyക്കു സമർപ്പിക്കുവാൻ സാധിക്കും. സർക്കാരിന് അധിക തുക കടമായി എടുക്കുന്നതിനു ഇതു ഒരു മാനദണ്ഡമാണ്.

**RDSS പദ്ധതി**

- ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള RDSS പദ്ധതി തുകയുടെ 5% കേന്ദ്ര ഗവൺമെന്റിന് മുൻകൂറായി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന സ്മാർട്ട് മീറ്ററുകൾ എല്ലാം 31/12/2023 നു മുൻപ് സ്ഥാപിച്ചാൽ മാത്രമേ ഈ പദ്ധതിയുടെ തുടർന്ന് ലഭിക്കേണ്ട 30% ഗ്രാൻറ് ലഭ്യമാകുകയുള്ളൂ. ഇതുവരെ ലഭിച്ച 67 കോടിയുടെ പലിശ വിഹിതം തിരിച്ചു നൽകിയിട്ടുണ്ട്. ഇനിയും പദ്ധതി ആരംഭിച്ചില്ലെങ്കിൽ ലഭ്യമായ തുക തിരിച്ചുനൽകേണ്ടതായി വരും.



ചെങ്ങന്നൂർ വൈദ്യുതി ഭവനം യാഥാർഥ്യമാക്കാൻ യത്നിച്ചവരെ ആദരിക്കുന്ന ചടങ്ങിൽ, Er James M David ബഹു. വൈദ്യുതി മന്ത്രിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു.

- നിലവിൽ അംഗീകാരം ലഭിച്ച RDSS പദ്ധതി കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് വിജയകരമായി പൂർത്തീകരിച്ചാൽ മാത്രമേ വരും കാലങ്ങളിൽ ഉള്ള ഏതൊരു പദ്ധതിക്കും ഗ്രാൻറ് ലഭിക്കുകയുള്ളൂ.

**TOTEX mode ഗുണങ്ങൾ**

- കെ.എസ്.ഇ.ബിക്ക് പദ്ധതി ചെലവിനുള്ള തുക മുൻകൂറായി മുടക്കേണ്ടതില്ല. സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ച് communication സംവിധാനങ്ങൾ ഉൾപ്പടെ അത് പ്രവർത്തനക്ഷമമായി ഉപഭോക്താവിന്റെ 99% മുകളിൽ ഡാറ്റ കിട്ടിയാൽ മാത്രമെ payment ആരംഭിക്കുകയുള്ളു. സ്മാർട്ട് മീറ്റർ സ്ഥാപിച്ചു അത് പത്തു വർഷത്തോളം പരിപാലിക്കുന്നതിനുള്ള ചുമതല കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
- ലോൺ എടുക്കാതെതന്നെ പദ്ധതി നടപ്പിലാക്കി കൃത്യമായ പ്ലാനിംഗ് വഴി ഉണ്ടാകുന്ന റവന്യൂനേട്ടവും പ്രസരണ/ വിതരണ നഷ്ടം കുറയ്ക്കുന്നത് വഴി ഉണ്ടാകുന്ന ലാഭവും സ്മാർട്ട് മീറ്റർ പദ്ധതിയിലെ തിരിച്ചടവിന് ഉപയോഗിക്കുവാനും, അതുവഴി ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന അധിക ബാദ്ധ്യത ഒഴിവാക്കുവാനും സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.
- കെഎസ്ഇബിക്ക് നിലവിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ച് കമ്മ്യൂണിക്കേഷൻ സംവിധാനം, Artificial intelligence, Big data analysis എന്നിവ കൃത്യമായി നടപ്പിലാക്കാനുള്ള സാങ്കേതിക വൈദഗ്ധ്യം ഇല്ല. രാജ്യത്താകമാനം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനും അതുവഴിയുള്ള നേട്ടങ്ങൾ ഉപഭോക്താവിലേക്ക് കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടങ്ങളിലാണ്. ഇതിനായുള്ള കമ്മ്യൂണിക്കേഷൻ മേഖലയിലെ സാങ്കേതിക മാറ്റങ്ങളും പുരോഗതിയും ദിനംപ്രതി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് കൃത്യമായി പഠിക്കുകയും പ്രായോഗികമാക്കുകയും പദ്ധതികാലയളവിൽ ചെയ്യേണ്ടതുണ്ട്.

ഗാനമാധുരി - 05

# ക്രിസ്മസ് – ചരിത്രവും ആഘോഷവും സംഗീതവും



*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

യേശുക്രിസ്തുവിന്റെ ജനനം നടന്ന പുണ്യ ദിനത്തിന്റെ അനുസ്മരണമായാണ് ലോക മെമ്പാടും ക്രിസ്മസ് ആഘോഷിക്കുന്നത്. 'ക്രിസ്തുവിന്റെ കുർബാന' എന്നർഥം വരുന്ന ക്രിസ്റ്റസ് മാസെ എന്നീ രണ്ടു പദങ്ങളിൽ നിന്നാണ് ക്രിസ്മസ് എന്ന പദമുണ്ടായത്. ലോകത്തെ ഭൂരിപക്ഷം രാജ്യങ്ങളിലും ഡിസംബർ 25നാണ് ക്രിസ്മസ് ആഘോഷി ക്കുന്നത്. കത്തോലിക്ക സഭ, ഗ്രീക്ക് ഓർത്ത ഡോക്സ്, റുമേനിയൻ ഓർത്തഡോക്സ് സഭ എന്നീ വിഭാഗങ്ങൾ ഡിസംബർ 25 ന് ആഘോഷിക്കുമ്പോൾ റഷ്യൻ, സെർബിയൻ, ഉക്രേനിയൻ, ജോർജിയൻ ഓർത്തഡോക്സ് സഭകൾ ജനുവരി 7നാണ് ക്രിസ്മസ് ആഘോഷിക്കുന്നത്.

ക്രിസ്തുവിന്റെ യഥാർത്ഥ ജന്മദിനം ഏതെന്ന കാര്യത്തിൽ ചരിത്രപരമായ വ്യക്തതയില്ല. ബൈബിൾ പഴയ നിയമത്തി ലോ പുതിയ നിയമത്തിലോ ഇത് സംബന്ധിച്ച സൂചനകളില്ല. റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റയിൻ ആണ് എഡി 336 ൽ ഡിസംബർ 25 ന് ക്രിസ്മസ് ആഘോഷിക്കണ മെന്ന ഉത്തരവിറക്കിയത്.

ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ കന്യാമറിയത്തിന്റെയും ജോസഫിന്റെയും പുത്രനായി യേശു ജനിച്ചു എന്നാണ് ഐതിഹ്യം. മറിയത്തിനും ജോസഫിനും പരിശുദ്ധാത്മാവിന്റെ കടാക്ഷത്തിൽ ജനിച്ച മകനാണ് യേശുവെന്നാണ് ബൈബിൾ പറയുന്നത്. ലോകത്തെ രക്ഷിക്കാൻ ഒരു ദൈവപുത്രൻ ജനിക്കുമെന്നും അവനെ യേശു എന്ന് വിളിക്കണമെന്നും ഉണ്ണിയേശുവിന്റെ ജനനത്തെക്കുറിച്ച് ഒരു മാലാഖ പ്രവചിച്ചി രുന്നുവെന്നും ബൈബിളിലുണ്ട്.

ആധുനിക ലോകത്ത് ഒരു പ്രത്യേക മതവിഭാഗത്തിന്റെ ആഘോഷം എന്നതില പ്പുറം എല്ലാ ജനവിഭാഗങ്ങൾക്കും സന്തോഷം നൽകുന്ന ആഘോഷമായി ക്രിസ്മസ് മാറിയിട്ടുണ്ട്.

**ക്രിസ്മസിന്റെ ഉൽഭവം**

ക്രിസ്മസിന് ഉൽഭവത്തെക്കുറിച്ച് വ്യക്ത മായ ചരിത്രരേഖകളില്ല. ഡിസംബർ 25 യേശുവിന്റെ ജൻമദിനമായി ആചരിക്കാനുള്ള കാരണവും ചരിത്രപരമായി അജ്ഞാതമാണ്.

ക്രി.പി.നാലാം നൂറ്റാണ്ടു മുതലാണ് ഡിസംബർ 25 ക്രിസ്മസ് ദിനമായി ആചരിക്കാൻ തുടങ്ങിയതെന്നാണ് പ്രബല മായ വാദം. ക്രിസ്തുമതം സ്വീകരിച്ച റോമൻ ചക്രവർത്തി കോൺസ്റ്റൻടൈൻ ഡിസംബർ 25 തന്റെ സാമ്രാജ്യത്തിലെ ക്രിസ്തുമത വിശ്വാസി കൾക്കും പേഗൻ മതവിശ്വാസികൾക്കും പൊതുവായ ഒരാഘോഷദിനമായി പ്രഖ്യാ പിച്ചു എന്നു കരുതപ്പെടുന്നു.

റോമൻ സംസ്കാരത്തിൽ ഡിസംബർ 25 സൂര്യദേവന്റെ ജൻമദിനമായാണ് ആചരിച്ചി രുന്നത്. നാലാം നൂറ്റാണ്ടുവരെ റോമാക്കാരുടെ ഔദ്യോഗിക മതമായിരുന്നു 'സോൾ ഇൻവിക്ടസ് '. ഈ പദത്തിന് 'മറഞ്ഞിരിക്കുന്ന സൂര്യൻ ' എന്നാണർഥം. ശൈത്യകാലത്ത് ഇവർ സൂര്യദേവന്റെ പുനർജൻമം ആഘോഷി ക്കുന്ന പതിവുണ്ടായിരുന്നു. ക്രിസ്തുമതം സ്വീകരിക്കുന്നതിന് മുമ്പ് കോൺസ്റ്റൻടൈൻ ചക്രവർത്തിയും 'സോൾ ഇൻവിക്സ്' മതാചാരമായിരുന്നു പിന്തുടർന്നിരുന്നത്. ചക്രവർത്തിയുടെ മതംമാറ്റത്തോടെ റോമിലും റോമൻ സ്വാധീനമേഖലകളായ മറ്റു

രാജ്യങ്ങളിലും ക്രിസ്തുമതം വ്യാപകമായെങ്കിലും തങ്ങളുടെ പഴയ ആചാരങ്ങൾ മിക്കവയും റോമാക്കാർ നിലനിർത്തിയിരുന്നു. റോമൻ ആധിപത്യത്തിലെ ക്രിസ്തുമതവും ഈ ആഘോഷങ്ങൾ പിന്തുടർന്നു. ഇക്കാരണത്താൽ റോമാക്കാരുടെ സൂര്യദേവന് ജൻമദിനമായ ഡിസംബർ 25 ക്രിസ്തുവിന്റെയും ജൻമദിനമായി ആചരിക്കപ്പെടാൻ തുടങ്ങി എന്നു കരുതപ്പെടുന്നു.

**യേശുവിന്റെ ജനന കഥകൾ**

യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള വിവരണങ്ങളും കഥകളും മത്തായി, ലൂക്ക എന്നിവരുടെ സുവിശേഷങ്ങൾ അടിസ്ഥാനമാക്കി പ്രചരിച്ചവയാണ്.

ലൂക്കായുടെ സുവിശേഷ പ്രകാരം കന്യകയായ മറിയം പരിശുദ്ധാത്മാവിൽ നിന്നും ഗർഭവതിയായതായി മാലാഖ അറിയിക്കുന്നു. മറിയത്തിന്റെ പ്രസവമടുത്ത നാളുകളിലാണ് റോമാ ചക്രവർത്തിയായ അഗസ്റ്റസ് രാജ്യത്തെ സ്ഥിതിവിവര ക്കണക്കെടുപ്പ് (Census) തുടങ്ങിയത്. ഇപ്രകാരം സെൻസസിൽ പേരു ചേർക്കാൻ നസ്റത്തിൽ നിന്നും ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയത്തെയും കൂട്ടി തന്റെ പൂർവികദേശമായ ബത്‌ലഹേമിലേക്ക് പുറപ്പെട്ടു. യാത്രാവസാനം പേറ്റുനോവനുഭവപ്പെട്ട മറിയത്തിനായി ഒരു സത്രം കണ്ടെത്താനായില്ല. ഒടുവിൽ ഒരു തൊഴുത്തിലെ പുൽത്തൊട്ടിയിലാണ് മറിയം ഉണ്ണിയേശുവിനെ പ്രസവിച്ചത്.

യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള മറ്റൊരു വിവരണം മത്തായിയുടെ സുവിശേഷത്തിലുണ്ട്. ദൈവപുത്രനായ യേശുവിന്റെ ജനനം മുൻകൂട്ടിയറിഞ്ഞ് കിഴക്കുദേശത്തു നിന്നും ഒരു നക്ഷത്രം കാട്ടിയ വഴിയിലൂടെ മൂന്നു ജ്ഞാനികൾ യേശുവിന്റെ ജനന സ്ഥലത്ത് എത്തിയത്രേ. സമ്മാനങ്ങായി ഇവർ പൊന്ന്, മീറ, കുന്തിരിക്കം എന്നിവ യേശുവിന് മുമ്പിൽ കാഴ്ചവയ്ക്കുകയും ചെയ്തു.

**ക്രിസ്മസ് ആചാരങ്ങൾ**

ക്രിസ്മസിന്റെ ആചാരങ്ങളും ആഘോഷങ്ങളും ദേശകാലങ്ങൾക്കനുസരിച്ച് വ്യത്യസ്തമാണെങ്കിലും എല്ലാ സ്ഥലങ്ങളിലും പൊതുവായ ചിലതുമുണ്ട്. ഒട്ടുമിക്ക ക്രിസ്തുമത വിഭാഗങ്ങളും ഡിസംബർ ആദ്യവാരത്തോടെ ക്രിസ്മസിനുള്ള ഒരുക്കങ്ങൾ തുടങ്ങും. കത്തോലിക്കരുടെ ആരാധനാക്രമത്തിൽ യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള മംഗളവാർത്തയും പ്രവചനങ്ങളുമൊക്കെയാണ് അനുസ്മരിക്കുന്നത്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളിൽ ഒരു വിഭാഗം 25 ദിവസം നോമ്പുനോറ്റാണ് ക്രിസ്മസിനായി ഒരുങ്ങുന്നത്. മൽസ്യ മാംസാദികൾ ഇക്കാലത്ത് വർജ്ജിക്കുന്നു.

**ആഘോഷങ്ങളും അലങ്കാരങ്ങളും**

**1. ക്രിസ്മസ് അപ്പൂപ്പൻ**

ക്രിസ്മസ് നാളുകളിൽ സാർവ്വദേശീയമായി നിറഞ്ഞു നിൽക്കുന്ന രൂപമാണ് ക്രിസ്മസ് അപ്പൂപ്പൻ എന്ന് വിളിക്കുന്ന സാന്താക്ലോസ്. നാലാം നൂറ്റാണ്ടിൽ ഏഷ്യാമൈനറിൽ ജീവിച്ചിരുന്ന സെന്റ് നിക്കോളാസ് എന്ന പുണ്യചരിതനാണ് സാന്താക്ലോസായി മാറിയത്. ക്രിസ്മസ് ഒരുക്കത്തിന്റെ നാളുകൾക്കിടയിൽ ഡിസംബർ ആറിനാണ് വിശുദ്ധ നിക്കോളാസിന്റെ അനുസ്മരണ ദിനം. ഇക്കാരണത്താൽ ഡച്ചുകാർ സെന്റ് നിക്കോളാസിനെ ക്രിസ്മസ്സമ്മാനങ്ങൾ വാരിവിതറുന്ന പുണ്യാത്മാവായി ചിത്രീകരിച്ചുതുടങ്ങി. ഡച്ചുകോളനികളിലൂടെ ഈ രീതി സാർവ്വദേശീയമാവുകയും ചെയ്തു.

ആംഗ്ലോ- അമേരിക്കൻ പാരമ്പര്യമുള്ള നാടുകളിലെ വിശ്വാസമനുസരിച്ച് സാന്താക്ലോസ് കലമാനുകൾ വലിക്കുന്ന വണ്ടിയിൽ ക്രിസ്മസിന്റെ തലേന്ന് പാതിരാത്രിയിലാണ് എത്തുന്നത്. ഓരോ വീടിന്റെയും ചിമ്മിനിയിലൂടെ അകത്തെത്തുന്ന സാന്റാ ആരും കാണാതെ സമ്മാനങ്ങൾ വിതറി തിരിച്ചുപോകുന്നു എന്നാണ് വിശ്വാസം. കുട്ടികൾക്കായി മാതാപിതാക്കൾ വാങ്ങിവച്ച ക്രിസ്മസ് സമ്മാനങ്ങൾ സാന്റാ പാതിരാത്രിയിൽ എത്തിച്ചതാണെന്ന് കുട്ടികളെ വിശ്വസിപ്പിക്കുന്ന പതിവ് ഇത്തരം രാജ്യങ്ങളിലുണ്ട്. ക്രിസ്മസിന് മുമ്പ് വീടുകളുടെ ചിമ്മിനി അലങ്കരിക്കുകയും മാനുകളുടെഅലങ്കരിച്ച

രൂപങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന രീതി ഈ രാജ്യങ്ങളിലുണ്ട്.

**2. ക്രിസ്മസ് ട്രീ**

ക്രിസ്മസിന്റെ സാർവദേശീയ പ്രതീകമായ ക്രിസ്മസ് ട്രീ ജർമൻ പാരമ്പര്യത്തിൽ നിന്നുള്ളതാണ്. എട്ടാം നൂറ്റാണ്ടിലാണ് ക്രിസ്മസ്ട്രീയുടെ ഉൽഭവം എന്നു കരുതപ്പെടുന്നു. സ്വർഗ്ഗരാജ്യത്തിലെ വിലക്കപ്പെട്ട മരത്തിന്റെ പ്രതിരൂപമാണ് ക്രിസ്മസ് ട്രീ. സ്തൂപിക (Pyramid) ആകൃതിയിലുള്ള മരങ്ങളോ മരക്കൊമ്പുകളോ അലങ്കരിച്ചാണ് ക്രിസ്മസ് ട്രീ ഉണ്ടാക്കുന്നത്. മരത്തിൽ സമ്മാനപ്പൊതികളും തൂക്കിയിടുന്നപതിവുണ്ട്.

**3. ക്രിസ്മസ് നക്ഷത്രം**

ക്രിസ്മസ് നാളുകളിൽ വീടുകളിൽ നക്ഷത്ര വിളക്കുകളിടുന്നത് പ്രധാന അലങ്കാരങ്ങളിലൊന്നാണ്. യേശുവിന്റെ ജനനവിവരമറിഞ്ഞ് ബത്‌ലഹേമിലേക്ക് യാത്രതിരിച്ച ജ്ഞാനികൾക്ക് വഴികാട്ടിയ നക്ഷത്രത്തിന്റെ പ്രതീകമായിട്ടാണ് ക്രിസ്മസ് നക്ഷത്രം തൂക്കിയിടുന്നത്.

**4. പുൽക്കൂട്**

ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ഉണ്ണിയേശു പിറന്നുവെന്ന വിശ്വാസത്തിന്റെ പ്രതീകമായിട്ടാണ് പുൽകൂട് ഒരുക്കുന്നത്. ഉണ്ണിയേശു, കന്യാമറിയം, ജോസഫ്, ജ്ഞാനികൾ, ആട്ടിടയർ എന്നീ രൂപങ്ങൾ പുൽക്കൂടിൽ സ്ഥാപിക്കുന്നു. ക്രി.പി.1223 ൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസി ആണ് ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി ആദ്യമായി പുൽകൂട് ഒരുക്കിയത്. ഈയൊരു പതിവ് പിന്നീട് ലോകത്തിൽ സാർവത്രികമായി.

**5. ക്രിസ്മസ് കാർഡ്**

ക്രിസ്മസ് കാലത്താണ് ആശംസാ സന്ദേശമയക്കാനുള്ള ബഹുവർണ്ണ ചിത്രങ്ങളുള്ള കാർഡുകൾ ഉപയോഗിക്കുന്നത്. 1846 ലാണ് ആദ്യമായി ക്രിസ്മസ് കാർഡ് ഉപയോഗിച്ചതെന്നു പറയപ്പെടുന്നു. ആദ്യകാലങ്ങളിൽ യേശുവിന്റെ ജനനത്തെ സൂചിപ്പിക്കുന്ന ചിത്രങ്ങളാണ് കാർഡുകളിൽ ഉണ്ടായിരുന്നത്. എന്നാൽ പിൽക്കാലത്ത് മതേതര ചിഹ്നങ്ങൾ അടങ്ങിയ കാർഡുകളും വ്യാപകമായി.

**6. ക്രിസ്മസ് കേക്ക്**

ക്രിസ്മസ് ആഘോഷങ്ങൾക്കു മധുരം പകരുന്ന കേക്കുകൾ ക്രിസ്മസിന്റെ പ്രതീകമായി ലോകത്താകമാനമായി ഉണ്ട്. ബ്രിട്ടീഷ് പാരമ്പര്യത്തിൽ നിന്നാണ് കേക്കുകളുടെ ഉൽഭവം. പരമ്പരാഗത ഇംഗ്ലീഷ് കേക്ക് പഴങ്ങൾ, വിസ്കി, ബ്രാണ്ടി, റം, ഷെറി എന്നിവ കൊണ്ട് നനച്ച സാന്തെ, ഉണക്കമുന്തിരി എന്നിവ ചേർത്താണ് ഉണ്ടാക്കുന്നത്. ഇന്ത്യയിലെ ക്രിസ്മസ് കേക്ക് മുഖ്യമായും വിവിധ പഴങ്ങളും ക്രീമും അടങ്ങിയതാണ്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വിവിധ തരം ചേരുവയുള്ള കേക്കുകൾ ക്രിസ്മസ് കേക്കായി ഉപയോഗിക്കുന്നു.

**7. ക്രിസ്മസ് കരോൾ**

എല്ലാ ആഘോഷങ്ങൾക്കും ഒപ്പമായി സംഗീതവും നൃത്തവുമൊക്കെയുണ്ടാകും. ക്രിസ്മസുമായി ബന്ധപ്പെട്ട് പാടുന്ന പാട്ടുകളാണ് ക്രിസ്മസ് കരോൾ. സാധാരണയായി ക്രിസ്മസ് ദിനത്തിലോ ആ കാലയളവിലോ ആണ് കരോൾ ഗാനങ്ങൾ പാടുന്നത്. ലാറ്റിൻ പദമായ കൊറൗല (Choraula ) എന്നതിന് ഗായകരോടൊപ്പം നൃത്തം ചെയ്യുക എന്നർഥമുണ്ട്. ഇതിൽ നിന്നാണ് കരോൾ എന്ന പദത്തിന്റെ ഉൽഭവം എന്നു കരുതപ്പെടുന്നു. ക്രി.പി. 129 ലാണ് ആദ്യമായി ക്രിസ്മസ് ഗാനം രചിക്കപ്പെട്ടതിന്റെ രേഖകളുള്ളത്. ലാറ്റിൻ ഭാഷയിൽ എഴുതപ്പെട്ട അവ സ്ത്രോത്രങ്ങൾ (Hymns) എന്നാണ് അറിയപ്പെട്ടത്.

എട്ടാം നൂറ്റാണ്ടു മുതലാണ് കരോൾ ഗാനങ്ങൾ രചിക്കപ്പെട്ടു തുടങ്ങിയത്. ക്രി.പി. 1223 ൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസി ഇറ്റലിയിൽ ഗാനങ്ങൾ ഉൾപ്പെടുത്തിയുള്ള നാടകങ്ങൾ അവതരിപ്പിച്ചു തുടങ്ങിയതാണ് കരോളുകളുടെ ആദ്യരൂപം. ഫ്രാൻസിസ് അസ്സീസി കരോൾ ഗാനങ്ങളുടെ പിതാവായി വിശേഷിപ്പിക്കപ്പെടുന്നു. ഈ കരോളുകൾ തുടർന്ന് പല യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിച്ചു. പള്ളികളിലും തെരുവുകളിലും

വീടുകളിലും ആലപിക്കപ്പെട്ടതോടെ കരോൾ ഗാനങ്ങൾ ജനകീയമായി.

ശ്രദ്ധേയമായ കരോൾ ഗാനങ്ങളാണ് സൈലന്റ് നൈറ്റ്, ഓ ഹോളി നൈറ്റ്, ഓ കം ഓൾയെ ഫെയ്ത്ഫുൾ, ജോയ് ടു ദ വേൾഡ് തുടങ്ങിയവ. ഇതിൽ ഏറ്റവും പ്രശസ്തമാണ് സൈലന്റ് നൈറ്റ്.1818 ൽ ഓസ്ടിയയിൽ ജോസഫ് മോർ എന്ന വികാരി ജർമൻ ഭാഷയിൽ രചിച്ച് ഫ്രാൻസ് ഗബർ എന്ന സംഗീതാധ്യാപകൻ ഈണം നൽകിയ ഗാനം പിന്നീട് ജോൺ യംഗ് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതോടെ ലോകപ്രശസ്ത മാവുകയായിരുന്നു. 2011 ൽ യുനെസ്കോ ഈ ഗാനത്തെ ഒരു സംസ്കാരിക നിധി (Intangible Cultaral Heritage) ആയി പ്രഖ്യാപിച്ചു.ഇംഗ്ലീഷ് ഗാനത്തിന്റെ വരികൾ തുടങ്ങുന്നതിങ്ങ നെയാണ് -

Silent Night Holly Night
All is Calm All is Bright

ഏകദേശം 140 ഭാഷകളിൽ ഈ ഗാനം തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രശസ്ത പോപ് ഗായക സംഘമായ ബോണി - എം സൃഷ്ടിച്ച മനോഹരമായ ക്രിസ്മസ് ഗാനമാണ് -

Mary's Boy Child Jesus Christ
Was born on Christmas Day

ഇവ കൂടാതെ അസംഖ്യം ക്രിസ്മസ് ഗാനങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്

**ക്രിസ്മസ് ഗാനങ്ങൾ**

ക്രിസ്മസ് കാലത്തെ മാധുര്യമേറിയ അനുഭവമാണ് ക്രിസ്മസ് കരോൾ ഗാനങ്ങൾ തരുന്നത്. കരോൾ സംഘങ്ങൾ തെരുവുകളി ലൂടെയും വീടുകൾ തോറുമായി സഞ്ചരിച്ച് പാട്ടുകൾ പാടുന്നത് ഒരേ സമയം തന്നെ ദൃശ്യപരവും ശ്രവ്യപരവുമായ ആസ്വാദനാ നുഭവം പ്രദാനം ചെയ്യുന്നു. ജീവിതത്തിലെ അനുഭവങ്ങളും സന്ദർഭങ്ങളുമാണ് ചലച്ചിത്ര ങ്ങളിൽ പ്രമേയമാകുന്നത്. ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം അടിസ്ഥാന സംഗീതം ചലച്ചിത്രഗാനങ്ങളിൽ കൂടി ലഭിക്കുന്നതാണ്. ക്രിസ്മസ് പശ്ചാത്തലം പലപ്പോഴും ചലച്ചിത്ര ങ്ങളിൽ കടന്നുവരാറുണ്ട്. സ്വാഭാവികമായും ഇത്തരം സന്ദർഭങ്ങൾ ഗാനരംഗങ്ങളായി മാറുന്നു. ഇതു കൂടാതെ ബൈബിൾ കഥകളും മറ്റും ചലച്ചിത്രാവിഷ്കാരമാകാറുണ്ട്.

മലയാളത്തെ സംബന്ധിച്ചിടത്തോളം ക്രിസ്മസ് ഗാനങ്ങൾ ചലച്ചിത്രങ്ങളിലൂടെയും ആൽബങ്ങളിലൂടെയുമാണ് ലഭിക്കുന്നത്. ചലച്ചിത്ര ഗാനങ്ങൾ പരിഗണിച്ചാൽ മുഖ്യ മായും 1960കളിലേയും 1970കളിലേയും ഗാനങ്ങൾ തന്നെയാണ് ഇക്കാലത്തും ക്രിസ്മസിനെ സംഗീത മധുരമാക്കുന്നത്. മലയാള ചലച്ചിത്രങ്ങളിലെ ശ്രദ്ധേയമായ ഏതാനും ക്രിസ്മസ്സ് പശ്ചാത്തലത്തിലുള്ള ഗാനങ്ങളാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

1963ൽ പുറത്തിറങ്ങിയ സ്നാപക യോഹന്നാൻ ബൈബിളിൽ നിന്നുള്ള കഥ വെള്ളിത്തിരയിൽ അവതരിപ്പിച്ച ആദ്യമലയാള ചലച്ചിത്രമാണ്. സ്നാപക യോഹന്നാൻ എന്ന് കേരളത്തിൽ അറിയപ്പെടുന്ന സെന്റ് ജോൺ ബാപിസ്റ്റ് എന്ന കഥാപാത്രത്തെ കേന്ദ്രീകരിച്ച് ബൈബിൾ കഥ ഈ ചലച്ചിത്രത്തിൽ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. ഈ ചിത്രത്തിൽ ക്രിസ്തുവിന്റെ തിരുപ്പിറവി യെയും ക്രിസ്മസിന്റെ സന്ദേശത്തെയും കാവ്യാത്മകമായി ചിത്രീകരിക്കുന്ന ഒരു ഗാനമുണ്ട്.



*ബത് ലഹേമിന്റെ തിരുമടിത്തട്ടിലെ*
*പുൽക്കൂടിൽ പിറന്ന മണിക്കിടാവെ*

വയലാർ രചിച്ച് ബ്രദർ ലക്ഷ്മൺ ഈണം പകർന്ന് യേശുദാസും പി ലീലയും പാടിയ ഈ ഗാനം മനോഹ രമായ ദൃശ്യശ്രവ്യാ നുഭവ മാണ് പ്രദാനം ചെയ്യുന്നത്. 'തിരികൊളുത്തുവിൻ ചക്രവാളങ്ങളെ' എന്നു തുടങ്ങുന്ന ഒരു വിരുത്തത്തോടെയാണ് ഗാനം ആരംഭി ക്കുന്നത്. യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട ദിവ്യനക്ഷത്രം, മാലാഖമാർ, ജ്ഞാനികൾ, ആട്ടിടയർ എന്നിവരെല്ലാം ഗാന



രംഗത്തിലുണ്ട്. ആട്ടിടയർ പാടുന്ന രീതിയിലാണ് ഗാനം രചിച്ചിരിക്കുന്നത്.

1960 ൽ പുറത്തിറങ്ങിയ നീലിസാലി എന്ന ചിത്രത്തിൽ പി. ഭാസ്കരൻ മാസ്റ്ററുടെ രചനയിൽ, കെ.രാഘവൻ മാസ്റ്റർ ഈണത്തിൽ എ.എം. രാജ പാടിയ ഗാനമാണ്

*ദൈവത്തിൻ പുത്രൻ ജനിച്ചു*
*ഒരു പാവന നക്ഷത്രം വാനിലുദിച്ചു*

ക്രിസ്മസുമായി ബന്ധപ്പെട്ട് മലയാളത്തിലുള്ള ആദ്യകാല സൃഷ്ടികളിൽ ഒന്നാണ് ഈ ഗാനം . സുവിശേഷകർ പ്രചരിപ്പിച്ച യേശുവിന്റെ ജനനകഥകളും യേശു മനുഷ്യരാശിയുടെ രക്ഷകനാണെന്നുള്ള സന്ദേശവുമാണ് ഗാന വരികളിലുള്ളത്. അതീവലളിതവും സാവധാന ശൈലിയിലുള്ളതുമായ ഈണമുള്ള ഗാനത്തിൽ പരിമിതമായ പശ്ചാത്തല സംഗീതം മാത്രമെ ഉപയോഗിച്ചിട്ടുള്ളു.

ക്രിസ്തുമസ് രാത്രി (1961) എന്ന ചലച്ചിത്ര ത്തിൽ പി.ഭാസ്കരൻ മാസ്റ്റർ രചിച്ച് ബ്രദർ ലക്ഷ്മൺ ഈണം പകർന്ന് ടി.എസ് കുമരേശ് പാടിയ ക്രിസ്മസ് ഗാനമാണ്

*മിശിഹാനാഥൻ വന്നു പിറന്നു*
*പശുവിൻ തൊട്ടിലിൽ നിന്നു പിറന്നു*

ക്രിസ്മസിന്റെ തലേ ദിവസം സാന്താക്ലോസും കരോൾ ഗായകരും അടങ്ങിയ സംഘം വീടുകൾ കയറി പാടുന്ന രീതിയിൽ ചിത്രീകരിച്ച ഈ ഗാനത്തിന്റെ ഈണം 'ജിംഗിൾ ബെൽസ് ' എന്ന പ്രശസ്ത ഇംഗ്ലീഷ് ഗാനത്തെ അടിസ്ഥാനമാക്കിയതാണ്.

'ക്രിസ്തുമസ് രാത്രി ' എന്ന ചിത്രത്തിൽ നിന്നുള്ള മറ്റൊരു ക്രിസ്മസ് ഗാനമാണ്

*വിണ്ണിൽ നിന്നും ഉണ്ണിയേശു*
*വന്നു പിറന്നു മണ്ണിൽ*
*വന്നു പിറന്നു*



പി ഭാസ്കരൻ - ബ്രദർ ലക്ഷ്മൺ ടീം ഒരുക്കി പി. ലീലയും സംഘവും ആലപിച്ച ഈ ഗാനവും യേശുവിന്റെ ജനനത്തെപ്പറ്റിയുള്ളതാണ്. പള്ളിയിൽ വച്ച് ആലപി ക്കുന്ന രീതിയിലാണ് ഗാന ചിത്രീകരണം.

ജീസസ് (1971) എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പി രചിച്ച് ജോസഫ് കൃഷ്ണ ഈണം നൽകി ജയചന്ദ്രനും ബി.വസന്തയും കോറസും പാടിയ ഗാനമാണ് -

*അത്യുന്നതങ്ങളിൽ വാഴ്ത്തപ്പെടും*
*അവിടുത്തെ തിരുനാമം*

യേശുവിന്റെ ജനനസമയം ചിത്രീകരിക്കുന്ന ഗാനത്തിൽ ജോസഫും മറിയവും മാലാഖമാരും ആട്ടിടയരും എല്ലാം തന്നെ പ്രത്യക്ഷപ്പെടുന്നു. മികച്ച ഈണവും സമ്പുഷ്ടമായ പശ്ചാത്തല സംഗീതവും ഭാവാത്മകമായ ആലാപനവുമാണ് ഈ ഗാനത്തിനു ള്ളത്.



1973 ൽ പുറത്തിറങ്ങിയ ചുക്ക് തകഴിയുടെ പ്രശസ്ത നോവലിന്റെ അതേ പേരിലുള്ള ചലച്ചിത്രാവിഷ്ക്കാരമാണ്. ഈ ചിത്രത്തിൽ വയലാർ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി ജയചന്ദ്രനും പി സുശീലയും ആലപിച്ച ഒരു മനോഹരഗാനമുണ്ട്.

*യരൂശലേമിലെ സ്വർഗ്ഗദൂതാ*
*യേശുനാഥാ............*

എന്നു വരും വീണ്ടുമെന്നു വരും

കാവ്യാത്മകമായ വരികളും മധുരമനോഹരമായ ഈണവും ലാളിത്യമുള്ള പശ്ചാത്തല സംഗീതവും ഭാവാത്മകമായ ആലാപനവും അനശ്വരമാക്കിയ ഗാനമാണിത്.

തുറമുഖം (1979) എന്ന ചിത്രത്തിൽ പൂവച്ചൽ ഖാദർ രചിച്ച് അർജുനൻ മാസ്റ്റർ ഈണം നൽകി ജോളി എബ്രഹാം പാടിയ ഗാനമാണ് -

*ശാന്തരാത്രി തിരുരാത്രി*
*പുൽക്കുടിലിൽ പൂത്തൊരു രാത്രി*

ക്രിസ്മസിന്റെ തലേദിവസം കരോൾ ഗായക സംഘവും സാന്താക്ലോസും തെരുവുകളിലും വീടുകളിലും അവതരിപ്പിക്കുന്ന രീതിയിൽ ചിത്രീകരിച്ച ഗാനത്തിന്റെ രചനയും

ഈണവും സന്ദർഭത്തിന്റെ ഹൃദ്യമായ ദൃശ്യ-ശ്രവ്യാനുഭവങ്ങൾ പകർന്നു നൽകുന്നു. ഈ ഗാനത്തിന്റെ രചനയിൽ ലോകപ്രശസ്ത കരോൾ ഗാനമായ 'സൈലന്റ് നൈറ്റിന്റെ ' സ്വാധീനമുണ്ട്.

1979ൽ പുറത്തിറങ്ങിയ സായൂജ്യം എന്ന ചിത്രത്തിൽ യൂസഫലി കേച്ചേരിയുടെ രചനയിൽ കെ.ജെ.ജോയി ഈണം പകർന്ന് പി സുശീലയും സംഘവും പാടിയ ഗാനമാണ് –

*കാലിത്തൊഴുത്തിൽ പിറന്നവനെ*
*കരുണ നിറഞ്ഞവനെ*

ഒരു അനാഥാലയത്തിലെ കുട്ടികൾ സംഘമായി പള്ളിയിൽ വച്ച് ആലപിക്കുന്ന രീതിയിലാണ് ഗാനം ചിത്രീകരിച്ചിരിക്കുന്നത്. യേശുവിന്റെ സ്തുതിഗീതമായ ഈ ഗാനം മികച്ച വരികളും മനോഹാരിതയും ഗാംഭീര്യവുമുള്ള ഈണവും പശ്ചാത്തല സംഗീതവും കൊണ്ട് എക്കാലത്തും ശ്രദ്ധേയമാണ്.

ജീവിതം ഒരു ഗാനം (1979) എന്ന ചിത്രം കേരളത്തിലെ ക്രിസ്തീയ പശ്ചാത്തലത്തിലുള്ള കഥ പറയുന്നു. ഈ ചിത്രത്തിൽ ശ്രീകുമാരൻ തമ്പിയുടെ രചനയിൽ എംഎസ് വിശ്വനാഥൻ ഈണമിട്ട് യേശുദാസ് പാടിയ ഗാനമാണ്

*സത്യനായക മുക്തിദായകാ*
*പുൽത്തൊഴുത്തിൻ പുളകമായ*
*സ്നേഹഗായകാ ശ്രീ യേശുനായകാ*

പള്ളിയിൽ വച്ച് കുർബാന സമയത്ത് പാടുന്ന രീതിയിൽ ചിത്രീകരിക്കപ്പെട്ട ഈ ഗാനം യേശുക്രിസ്തുവിന്റെ സ്തുതി ഗീതമാണ്. മികച്ച രചനയും താരസ്ഥായിയിൽ സ്വര സഞ്ചാരമുള്ള ഈണവും ഗാംഭീര്യമുള്ള പശ്താത്തല സംഗീതവും മികച്ച ആലാപനവും ഈ ഗാനത്തെ മലയാളത്തിലെ എക്കാലത്തെയും മികച്ച ക്രിസ്തീയ ഭക്തിഗാനങ്ങളിലൊന്നാക്കുന്നു.

രജനീഗന്ധി(1980) എന്ന ചിത്രത്തിൽ യൂസഫലി കേച്ചേരി രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി ജയചന്ദ്രനും മാധുരിയും പാടിയ ഗാനമാണ് –

*സ്നേഹത്തിൻ സന്ദേശ ഗീതമായ്*
*ലോകാന്ധകാരത്തിൻ ദീപമായ്*
*രാജാധിരാജൻ ശ്രീ യേശുനാഥൻ*

ക്രിസ്മസ് കരോൾ സംഘം ഗായകരും സാന്താക്ളോസുമായി ഗാനമാലപിച്ച് വീടുകളിലും തെരുവുകളിലുമായി ചുറ്റി നടക്കുന്നതാണ് ഗാനരംഗം. സന്ദർഭത്തിന്റെ ആഹ്ളാദവും ആഘോഷവും വിവരിക്കുന്ന വരികളും ഈണവുമാണ് ഗാനത്തിനുള്ളത്

1984 ൽ പുറത്തി റങ്ങിയ നോക്കെത്താദൂരത്ത് കണ്ണും നട്ട് എന്ന ചിത്രത്തിൽ ബിച്ചു തിരുമല രചിച്ച് ജെറി അമൽ ദേവ് ഈണം നൽകി യേശുദാസും ചിത്രയും സംഘവും പാടിയ ഗാനം ക്രിസ്മസ് ഗാനങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ്.







*ലാത്തിരി പൂത്തിരി പുഞ്ചിരിച്ചെപ്പോ*
*കമ്പിത്തിരി മത്താപ്പോ*
*മനസ്സേ ആസ്വദിക്കൂ ആവോളം*

'ആരാധനാ നിശാ സംഗീതമേ' എന്ന വരികളിൽ ഭക്തിനിർഭരമായ ദൈവാഭ്യർഥനയോടെ ആരംഭിക്കുന്ന ഗാനം പിന്നീട് ക്രിസ്മസ് ആഘോഷത്തിന്റെ ആഹ്ളാദാരവങ്ങളിലേക്ക് വഴിമാറുന്നു. സാന്താക്ലോസിന്റെ ചിത്രീകരണവും ഗായക സംഘത്തിന്റെ പ്രകടനവും ആഹ്ളാദാന്തരീക്ഷവുമെല്ലാം ഗാനത്തിന് മികച്ച ദൃശ്യചാരുതയാണ് നൽകുന്നത്.

**അവലംബം**


1. ക്രിസ്മസിനെപ്പറ്റിയുള്ള വിവിധ വെബ്സൈറ്റുകൾ
2. പാസ്റ്റർ ജോൺ കെ.സി. –ബൈബിൾ ഒരു ചരിത്രഗ്രന്ഥം– ദീപ്തി പബ്ളിക്കേഷൻസ് തിരുവല്ല
3. ചിത്രഗാന സ്മരണിക (മലയാള ചലച്ചിത്ര സംഗീതത്തിന്റെ 50–ാം വാർഷികം )

# Energy-as-a-Service (EaaS)



***Er. M. Anil***
Deputy Chief Engineer (Rtd.)

Traditionally, electricity has been generated centrally by highly regulated, vertically integrated utilities; whose main agenda has been safe, affordable, and reliable power with least concern for the depleting fuel sources and the high quantum of emissions resulting from burning of primary energy fuels like coal and natural gas. Fossil-based fuels were indiscriminately utilised to tap electrical energy by burning coal, gas, and utilising hydropower and nuclear potential. The energy flow has been uni-directional in conventional power systems from generators to transmission network to end-user passive rate-payers through distribution network.

With the percolation of innovative & advanced communication and digital technologies, the future power systems shall integrate traditional power generation, distribution interfaces, prosumers etc. in a highly automated network characterised by bi-directional power and information flows. The new system would have a high presence of variable renewable energy (VRE) generators, characterised by intermittent generation, energy storage systems both at utility and consumer levels, electric mobility, distributed de-centralised generation, home automation, energy management systems, self-healing networks, advanced metering infrastructure (AMI), smart heating and cooling systems, connected devices and gadgets through wireless sensor networks deployed through a cloud infrastructure environment etc. This would be a disruptive innovation and the pace of change in the next 10 years would be steeper than the change witnessed by the mankind in the sector during the last 120 years.

**Distributed Generation and Microgeneration**: Distributed Energy Resources (DERs) cause energy to be generated closer to the point of consumption thus reducing the T & D losses. The DERs are predominantly renewable: solar, wind, hydro, biomass, waste-to-energy, fuel cells etc. They can also include small scale storage, behind-the-meter (BTM) storage, and internal combustion generators. They are smaller, modular and more flexible than large scale conventional high-capacity generators. With an active energy storage component, they can serve as micro-grids, connecting to the low-tension section of the grid or operating independently as a self-contained "island grid".

**Digitalisation**: Digitisation levels are increasing and facilitate new ways of buying and selling energy. More and more devices are provided with sensors and controls, enabling information to flow continuously between physical and digital worlds facilitating machine-to-machine ($M_2M$) communication.

**Energy Efficiency in Buildings**: Energy efficiency is a critical component for achieving decarbonisation goals. Improvement of energy performance of buildings to reduce the building energy consumption by 75% is required to meet the climate-related goals set in Paris Agreement. The digitisation of building and implementation of IoT-enabled connected gadgets for smart buildings and homes.

The increase in digitisation and smart metering enables collection and analysis of large datasets which in turn bring in automation- which causes new energy-related services to be established and operated. With increased digitisation, consumers are exploring to optimise their consumption and better manage their electricity costs. Availability of smart home devices and in-home displays (IHDs) facilitate continuous monitoring and control of electricity consumption in residential environment.

**EaaS Model**: Eventually, energy as a marketable commodity is losing its significance, as the aggregator business in generation and service delivery is going to get intensified in the near future and the providers and the consumers co-create the service to maintain continued and seamless service benefits to the end-consumer segments. The key enablers of Energy-as-a-Service (EaaS) offer are *digitisation, time-of-use tariff,* and *revision of distribution system operator methodologies to accommodate demand-side flexibility*. As of 2019, smart meter penetration in the global power distribution sector is 14-15%; with 70% in China and the US and 44% in the European Union countries. EaaS models are emerging in many economies like Australia, China, Finland, Italy, Japan, Ireland, Sweden, the UK and the US; and such models offer various energy-related services to the consumers, rather than just supplying electricity. The increased deployment of DERs along with widespread availability of smart and connected devices has resulted in innovative business models to emerge, shifting the value from just selling kilo-Watt hours to service provision.

Electricity providers can assume the new role of electricity service providers (ESP), monetising the value created by digitalisation of power sector. The energy generators and utilities can join hands with ICT providers to offer various energy-related services such as energy advice, asset installation, financing and energy management solutions to offer a bundle of services to the end consumers. Through different service provisions and revenue models, EaaS supports DER deployment and demand side management (DSM); thus unlocking potential for demand side flexibility, which enables integration of high share of VRE and smooth integration of DERs in the power system.



## സുഭാഷിതം

# നല്ല ചിന്ത

*Er കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

നമ്മുടെ കൂടെയുള്ളവർ എങ്ങിനെങ്കിലുമാകട്ടെ, എന്തും പറഞ്ഞോട്ടെ, എനിക്കെന്ത് നഷ്ടം എന്നാണ് നമ്മിൽ പലരും ചിന്തിക്കുന്നത്. എന്നാൽ, കൂടെയുള്ളവരുടെ പ്രവർത്തിയൊ സംസാരമോ മാത്രമല്ല, അവരുടെ ചിന്തപോലും നമ്മെ സാരമായി ബാധിക്കും.

ക്ഷേത്രത്തിൽ പോയാൽ അവിടെ നിന്നും ലഭ്യമാകുന്ന ശാന്തിക്ക് കാരണം അവിടെ കൂടിയിരിക്കുന്ന മുഴുവനാളുകളുടേയും നല്ല ഭഗവൽ ചിന്തയാണ്. സൽസംഗത്തിൽ പങ്കെടുത്താലും ഫലം ഇതു തന്നെ അതായത് ഒരാളുടെ ചിന്ത അവനെ മാത്രമല്ല മറ്റുള്ളവരെയും ബാധിക്കും എന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഒരാൾ ബസ്സ് യാത്രയിലുണ്ടായ അനുഭവം പങ്കുവെക്കുകയായിരുന്നു. വളരെ ദൂരം പോലും ബസ്സ് യാത്ര ശീലമുള്ള അയാൾക്ക് ഒരു ദിവസം യാത്രക്കിടയിൽ കലശലായ തലവേദന അനുഭവപ്പെട്ടു. ഇത് ഒരിക്കലും പതിവില്ലാത്തതായിരുന്നു. തലവേദന സഹിച്ച് യാത്ര ചെയ്യവെ ബസ്സ് ഒരു സ്റ്റാന്റിൽ നിർത്തി. വണ്ടി ഇവിടെ അല്പ സമയം നിർത്തും. ചായ കുടിക്കാനും മറ്റാവശ്യങ്ങൾക്കും പുറത്തിറങ്ങാം. കണ്ടക്ടറുടെ അറിയിപ്പ്. യാത്രക്കാർ പലരും ഇറങ്ങി. ചിലർ ടൊയിലെറ്റിലേക്ക് പോയി. മറ്റു ചിലർ കാന്റീനിലേക്ക് നടന്നു. തലവേദനക്കാരനും ഇറങ്ങി. അല്പം നടന്നു. ബസ്സ് പുറപ്പെടുവാൻ നേരം എല്ലാവരും ബസ്സിൽ കയറി. ബസ്സ് സ്റ്റാർട്ട് ചെയ്ത് നീങ്ങി തുടങ്ങിയപ്പോൾ അയാൾ ഒരു കാര്യം ശ്രദ്ധിച്ചു. അയാളുടെ അടുത്തിരുന്നയാൾ കയറിയില്ല. ഉടനെ കണ്ടക്ടറോട് വിവരം അറിയിച്ചു. അപ്പോൾ കണ്ടക്ടർ പറഞ്ഞു; നിങ്ങളുടെ അടുത്തിരുന്നയാൾ മാനസ്സിക രോഗിയായിരുന്നു. ഭ്രാന്താശുപത്രിയിലേക്ക് പോവുകയാണ്.



## ജീവിതത്തിന്റെ നേർകാഴ്ചകൾ

തനിക്കു ലഭിക്കാതെ പോയ വർണ്ണാഭമായ ബാല്യം അത് എത്ര മനോഹരമാണെന്ന് തിരിച്ചറിയുകയാണ് വിശപ്പ് തീർക്കാൻ വിൽപ്പനക്കിറങ്ങിയ ആ കുഞ്ഞു കൺകൾ...

ചുറ്റിലും കാണുന്ന മായികലോകത്ത് വിശപ്പ് മറന്നവൾ പേരറിയാത്ത ഏതോ ഒരു കലയെ ആസ്വദിക്കുന്നു.

ഇതൊന്നും അറിയാത്ത വർണ്ണ തുമ്പികൾ തങ്ങളുടെ ഊഴവും കാത്ത്....

ഒരിടം രണ്ട് അവസ്ഥകൾ.........

അതിനിടയിലാണ് സ്റ്റാന്റിൽ ഇറങ്ങിയത്. അവിടെ ചിലരുമായി വഴക്കുണ്ടാക്കുകയും ബലം പ്രയോഗിക്കുകയും ചെയ്തു. അതിനാൽ രോഗിയും കൂടെയുള്ളയാളും അവിടെയിറങ്ങി. ഈ കാര്യങ്ങളൊന്നും നേരത്തെ അറിയില്ലെങ്കിലും അയാളുടെ തലവേദന മാറി.

അപ്പോൾ തലവേദനയ്ക്കതായിരുന്നു കാരണം. അടുത്തിരുന്ന മാനസിക രോഗി എന്തെങ്കിലും പ്രവർത്തിക്കുകയോ, പറയുകയോ ചെയ്തില്ലെങ്കിൽ പോലും അയാളുടെ ചിന്താ തരംഗങ്ങൾ യാത്രക്കാരനെ ബാധിച്ചു.

ഒരാളുടെ നല്ല ചിന്തകൾ മറ്റുള്ളവർക്ക് നല്ല മനോഭാവം സൃഷ്ടിക്കും. ദുഷ്ചിന്തങ്ങൾ മറിച്ചും. നമ്മുടെ അടുത്തരുന്ന് ഒരാൾ പുകവലിച്ചാൽ നമുക്കും ഹാനികരമാകുന്നതുപോലെ.

ഒരിക്കൽ രാജാവും മന്ത്രിയും രഥത്തിൽ യാത്ര ചെയ്യുകയായിരുന്നു. ഒരു ചന്ദനത്തടി വിൽക്കുന്ന കടയുടെ അടുത്തെത്തിയപ്പോൾ രാജാവ് മന്ത്രിയോട് പറഞ്ഞു; മന്ത്രി, എനിക്ക് ആ കടക്കാരനെ കാണുമ്പോൾ വല്ലാത്ത ദേഷ്യം വരുന്നു. എന്താണ് കാരണം എന്നറിയില്ല.

മന്ത്രി കാര്യം അന്വേഷിച്ചു, വന്നുപറഞ്ഞു. അടുത്ത കാലത്തായി അയാളുടെ വ്യാപാരം വളരെ മോശമാണ്. അതിന്റെ വിഷമത്തിലാണയാൾ. അങ്ങേക്ക് ഒരു കട്ടിൽ വേണമെന്ന് പറഞ്ഞില്ലെ; അതിനുള്ള ചന്ദനത്തടി അയാളിൽ നിന്നു വാങ്ങിക്കുകയാണെങ്കിൽ അത് അയാൾക്ക് വളരെ സഹായകമായിരിക്കും. രാജാവ് ആദ്യം മടിച്ചെങ്കിലും ഒടുവിൽ സമ്മതിച്ചു. അടുത്ത ദിവസം ചന്ദനത്തടി എത്തിക്കാനായി വ്യാപാരി കൊട്ടാരത്തിലെത്തി. അപ്പോൾ രാജാവ് അയാളെ കാണുവാനിടയായി. രാജാവ് മന്ത്രിയോട് പറഞ്ഞു: എന്താണെന്നറിയില്ല. ഇന്ന് വ്യാപാരിയോട് വളരെ ഇഷ്ടം തോന്നുന്നു.

മന്ത്രി ചിരിച്ചുകൊണ്ട് പറഞ്ഞു;അന്ന് അങ്ങ് ചന്തയിൽ വെച്ച് കണ്ടപ്പോൾ അയാളുടെ കച്ചവടം വളരെ മോശമായിരുന്നു. ഈ രാജാവ് മരിച്ചിരുന്നെങ്കിൽ ശവസംസ്കാരത്തിന് കുറച്ച് ചന്ദനം ചെലവാകുമായിരുന്നു എന്ന ദുഷിച്ച ചിന്തയായിരുന്നു അയാളിൽ. അതാണ് അന്ന് അങ്ങേയ്ക്ക് അയാളോട് ദ്വേഷ്യം തോന്നിയത്. എന്നാൽ, ഇന്ന് അയാളുടെ പ്രാർത്ഥന രാജാവിന് ദീർഘായുസ്സുണ്ടാകാനാണ്. എങ്കിൽ എനിക്ക് മെച്ചപ്പെട്ട കച്ചവടം മേലിലും ഉണ്ടാകുമെന്ന് അയാൾ ചിന്തിക്കുന്നു. ആ നല്ല ചിന്താതരംഗങ്ങൾ അങ്ങയെ സ്വാധീനിച്ചു.

മറ്റുള്ളവരുടെ ചിന്തയിൽ മാറ്റം വരുത്താൻ നമുക്കാകില്ലെങ്കിലും നമ്മുടെ ചിന്ത നല്ലതായിരിക്കണം എന്ന് നമുക്ക് തീരുമാനിക്കാം. അത് മറ്റുള്ളവരിലും മാറ്റം വരുത്തും. അതിനാൽ നമുക്ക് സ്വയം മാറാം. അതിനുള്ള തയ്യാറെടുപ്പ് ഇന്നാരംഭിക്കാം.

✵

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

## നാടുനന്നാകാൻ - 13

# നീതിന്യായ വ്യവസ്ഥ



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ന്യാ**യത്തിലധിഷ്ഠിതമായ കാലതാമസം കൂടാതെയുള്ള തുല്യനീതി ഏവർക്കും ലഭ്യമാകണമെന്നാണ് പൊതുസമൂഹം എപ്പോഴും ആഗ്രഹിക്കുന്നത്. നിർഭാഗ്യവശാൽ, പല കാരണങ്ങളാൽ പലപ്പോഴും ഇത് സംഭവിക്കാറില്ല.

നിയമ നിർമ്മാണ സഭകളിലെത്തുന്ന ജനപ്രതിനിധികൾ ജനാഭിലാഷം മറന്നുപോകുന്നതും, അവരുടെ ഔദാര്യം പോലെയും അശ്രദ്ധയോടെയും കാര്യങ്ങൾ നടത്തുന്നതും പതിവാണ്. തന്മൂലം കുറ്റങ്ങളും കുറവുകളും പോരായ്മകളുള്ളതും ജനഹിതത്തിനു വിരുദ്ധമായതുമായ നിയമങ്ങൾ ജന്മംകൊള്ളാനിടവരുന്നു.

നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ അപാകതകളെക്കുറിച്ച് പരാമർശിക്കുമ്പോൾ പൊതുവെ പറയുന്നൊരു കാര്യമുണ്ട്. പണ്ട് ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ കാര്യങ്ങളാണിവിടെ തുടരുന്നതെന്ന്. കൊത്തിയപാമ്പിനെക്കൊണ്ടു മാത്രമേ വിഷം ഇറക്കിക്കു എന്നാണെങ്കിൽ ബ്രീട്ടീഷുകാർ വീണ്ടും ഇന്ത്യ ഭരിക്കേണ്ടി വരും. നമ്മുടെ ജനപ്രതിനിധികൾ ഒന്നിനും കൊള്ളാത്തവരെന്ന് വിലയിരുത്തപ്പെട്ടു പോവുകയാണ് പലപ്പോഴും.

ജനങ്ങളുടെ പൊതു താൽപര്യങ്ങൾ സംരക്ഷിക്കാനാണ് നിയമ നിർമ്മാണ സഭകളിലേക്ക് ജനപ്രതിനിധികളെ തിരഞ്ഞെടുത്തയക്കുന്നത്. തിരഞ്ഞെടുപ്പുകളിൽ ജയിച്ചു കഴിഞ്ഞ് സ്വേച്ഛാധിപതികളെപ്പോലാകുന്നത് സമൂഹത്തോടു കാട്ടുന്ന കൊടുംവഞ്ചനയാണ്.

ഭരണാധികാരികളടക്കമുള്ള ജനപ്രതിനിധികളും സമ്പന്നരും അനുഭവിക്കുന്ന നിയമ നടപടിയിളവുകൾ പൊതുവെ ദരിദ്രർക്കും സാധാരണക്കാർക്കും ലഭിക്കുന്നില്ല. നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണെന്ന ഭരണഘടനാ വാഗ്ദാനവുമായി പൊരുത്തപ്പെടാത്തതാണിത്.

നിയമത്തിന്റെ ഭാഷ ഇക്കാലത്ത് വലിയൊരു പ്രശ്നമാണ്. ഭാഷയുടെ ഉദ്ദേശം തന്നെ സുഗമമായ ആശയവിനിമയമാണ്. പക്ഷെ നിയമഭാഷ പലയിടത്തും കടുകട്ടിയാണ്. പൊതുസമൂഹത്തിന് വായിച്ച് മനസ്സിലാക്കാൻ ഏറെ ബുദ്ധിമുട്ടുള്ളത്. വക്കീലന്മാർക്ക് മാത്രം വഴങ്ങാനുള്ളതാണ് നിയമ ഭാഷയെന്ന തത്വം ശരിയല്ല. ചില നിയമങ്ങൾ വ്യത്യസ്ത രീതികളിലാണ് വിവിധ വക്കീലന്മാർ വ്യാഖ്യാനിക്കുന്നത്. അതിനാൽ കക്ഷികൾക്ക് പ്രഗത്ഭരായ നിയമ വിഗദ്ധരെ ആശ്രയിക്കേണ്ടതായി വരുന്നു. ഇത് കക്ഷികളെ സംബന്ധിച്ചിടത്തോളം ചിലവേറിയ കാര്യമാണ്. പലർക്കും താങ്ങാനാവാത്തതും. സമ്പന്നർക്ക് നീതിയെന്ന രീതി ശരിയല്ല. നിയമങ്ങളെക്കുറിച്ചുള്ള അജ്ഞത ന്യായീകരിക്കാനാവില്ലായെന്ന വ്യവസ്ഥയ്ക്കെതിരാണ് വ്യക്തതയില്ലാത്തതും ആശയകുഴപ്പങ്ങളുണ്ടാക്കുന്നതുമായ നിയമഭാഷ.

പരസഹായം കൂടാതെ ആർക്കും എപ്പോഴും മനസ്സിലാകുംവിധം ലളിതവും വ്യക്തവും വ്യാഖ്യാനങ്ങളിലൂടെ ലക്ഷ്യത്തിൽ നിന്നു വഴിമാറിപ്പോകാനിടവരാത്തതുമായിരിക്കണം നിയമഭാഷ.

കോടതികൾക്കു പുറത്തുള്ള സർക്കാർ സംവിധാനങ്ങളായ പരാതി പരിഹാര കേന്ദ്രങ്ങളിലെ കേസ്സുകളുടെ തീർപ്പുകളും നിരീക്ഷണങ്ങളും ബന്ധപ്പെട്ട കക്ഷികൾക്ക് നൽകാറി

ല്ല. ഇത്തരം രേഖകൾ കക്ഷികൾക്ക് ലഭ്യമായാൽ അവയെ കോടതിയിൽ ഹാജരാക്കി ന്യായമായ വിധി നേടാൻ കക്ഷികൾക്ക് സഹായകമാകുമെന്നിരിക്കെ, സർക്കാർ കാര്യം മുറപോലെതന്നെ.

കോടതികളിൽ കേസ്സുകൾ വിളിച്ച് നിരന്തരം തീയതികൾ മാറ്റുന്നരീതി കോടതികളുടെ വിലയേറിയ സമയം പാഴാക്കുന്നതിനേ ഉപകരിക്കൂ. കക്ഷികൾക്ക് പലവിധ കഷ്ടനഷ്ടങ്ങൾക്കും കാരണമാകുന്നു. ആവശ്യമുള്ളപ്പോൾ മാത്രം കക്ഷികളെ കോടതികളിൽ വിളിച്ചുവരുത്തിയാൽ തീരുന്നതാണീ പ്രശ്നം.

കേസ്സുകൾ അനാവശ്യമായി നീട്ടിക്കൊണ്ടുപോവുക, ഒരേ പരാതിതന്നെ ഒരേ സമയം ഒന്നിലധികം സ്ഥാപനങ്ങളിലോ കോടതികളിലോ നൽകുക തുടങ്ങി എതിർകക്ഷികളെ ദ്രോഹിക്കുന്ന ദുഷ്ട ലക്ഷ്യക്കാരായ പരാതിക്കാരുടെ നടപടികൾ തടയേണ്ടതും അത്തരക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കള്ളക്കേസ്സുകൾ കൊടുക്കുന്നതിനെതിരെയും കേസ്സുകളുമായി യാതൊരുബന്ധമില്ലാത്തവരെയും എതിർ കക്ഷിയുടെ വേണ്ടപ്പെട്ടവരെന്ന ഒറ്റക്കാരണത്താൽ കേസ്സുകളിൽ പ്രതികളാക്കി ബുദ്ധിമുട്ടിക്കുന്നതിനെതിരെയും നടപടികളുണ്ടാകണം ഇത്തരക്കാർക്കെതിരെ കോടതികൾതന്നെ നിയമ നടപടികൾ സ്വീകരിച്ചാൽ ഇരയാക്കപ്പെടുന്ന കക്ഷികൾക്ക് ബാദ്ധ്യതയില്ലാതെ കോടതികളെ കബളിപ്പിച്ച് ദുരുപയോഗം ചെയ്യുന്നവരെ പാഠം പഠിപ്പിക്കാനും അത്തരം ഹീന പ്രവർത്തികൾക്ക് തടയിടാനുമാകും.

വാടകക്കരാർ ലംഘിക്കൽ, കടം വാങ്ങിയ തുകകൾ തിരിച്ചടയ്ക്കാതിരിക്കൽ തുടങ്ങിയവ ശരിയായതോ പ്രോത്സാഹനം അർഹിക്കുന്നതോ ആയ കാര്യങ്ങളല്ല. വീഴ്ചകൾ വരുത്തിയിട്ട് ആത്മഹത്യാ ഭീഷണികൾ മുഴക്കി സഹതാപം പിടിച്ചു പറ്റികൊണ്ടുള്ള സമ്മർദ്ദതന്ത്രങ്ങളിലൂടെ എതിർ കക്ഷികളെ നിസ്സഹായരാക്കി 'വാദികളെ പ്രതികളാക്കുന്ന' രീതികളെ പ്രോത്സാഹിപ്പിക്കുന്നത് നല്ല പ്രവണതയല്ല. ഇത്തരം സന്ദർഭങ്ങളിലെ മാധ്യമങ്ങളുടെയും രാഷ്ട്രീയ രംഗത്തെ അവസരവാദികളുടെയും മുതലക്കണ്ണീരിന് വിലകൽപ്പിക്കേണ്ടതില്ല. നിയമം നിയമത്തിന്റെ വഴിക്കുതന്നെ പോകണം.

സമൂഹത്തിൽ ഇന്നു കണ്ടുവരുന്ന ഗുരുതരമായ കാര്യമാണ് കുടുംബ പ്രശ്നങ്ങൾ. അതുമായി ബന്ധപ്പെട്ട കേസ്സുകൾ കോടതികളിൽ അനന്തമായി നീളുന്നത് ബന്ധപ്പെട്ട കക്ഷികളുടെ ജീവിതം ഹോമിക്കപ്പെടാനേ ഉപകരിക്കൂ. കോടതികളെ സമീപിക്കുന്നതുകൊണ്ടുള്ള വിപരീതഫലം. വിവാഹമോചന കേസ്സുകളിൽ നിശ്ചിത സമയത്തിനു ശേഷം കക്ഷികൾക്കോ കക്ഷികളിലാർക്കെങ്കിലുമോ യോജിച്ചുപോകാൻ താൽപര്യമില്ലെങ്കിൽ ഒട്ടും വൈകാതെ വിവാഹമോചനം അനുവദിച്ച് അവരെ സ്വതന്ത്രരാക്കുന്നതാണ് ഉചിതം. ഒരുമിച്ചുള്ള ജീവിതം ഇഷ്ടപ്പെടാത്ത ഒരു കക്ഷിയെ എതിർകക്ഷിയോടൊപ്പം താമസിക്കാൻ നിർബന്ധിക്കുന്നത് പ്രശ്നങ്ങൾ രമ്യമാക്കുന്നതിനു പകരം ഗുരുതരമാക്കുന്നതിനേ ഉപകരിക്കൂ. ഇഷ്ടമില്ലാത്തയാളിനെ വിവാഹം കഴിക്കാൻ നിർബന്ധിക്കും പോലെ യുക്തിരഹിതമായ കാര്യമാണത്. വിവാഹം ഒരിക്കലും ആർക്കും ശിക്ഷയാകരുത്. പൊതുവികാരത്തിന് വിരുദ്ധമാകരുത് നിയമങ്ങളും വിധികളും.

നാം പൊതുവെ കോടതികളിലെ കേസ്സുകളുമായി കണ്ടുവരുന്ന ചില കാര്യങ്ങൾ ഉദാഹരിച്ചുവെന്നേയുള്ളു.

വ്യവഹാരച്ചെലവ് താങ്ങാനാവാത്തവിധം കൂടുന്നതിന്റെ കാരണങ്ങളിൽ കോടതികളിലെ കാലതാമസത്തിനും നടപടി ക്രമങ്ങളിലെ സങ്കീർണ്ണതകൾക്കും വലിയ പങ്കുണ്ട്. നീതി ദാഹിച്ച് മേൽക്കോടതികളെ ആശ്രയിക്കുന്നവരെ വൻ സാമ്പത്തിക ബാദ്ധ്യതയാകും കാത്തിരിക്കുക. നീതി, വൻ തുകകൾ മുടക്കി

# Energy Briefs



*Er ശുഭ റ്റി.ജി.*
അസിസ്റ്റന്റ് എഞ്ചിനീയർ

## 1. India sets targets for green hydrogen use by some industries

India has set green hydrogen consumption targets for some industries, so as to generate demand for cleaner fuel in its quest to reach net zero by 2070, the government said on Friday, as it unveiled its policy for green energy. One of the world's biggest emitters of greenhouse gases, India approved a plan of incentives worth more than $2 billion last week to develop a green hydrogen production capacity of 5 million tonnes a year by 2030. Asia's third-largest economy wants one of the world's biggest emitters of greenhouse gases, India approved a plan of incentives worth more than $2 billion last week to develop a green hydrogen production capacity of 5 million tonnes a year by 2030. Asia's third-largest economy wants to use green Hydrogen to replace grey hydrogen produced using gas, as it moves to decarbonise the sectors such as oil and fertilizers.

Green hydrogen is a zero-carbon fuel made by electrolysis, using renewable power from wind and solar to split water into hydrogen and oxygen. India's top refiner Indian Oil Corp, top power utility NTPC Ltd and conglomerates including Reliance and Adani group have announced plans to build green hydrogen projects.

Courtesy : Deccan Herald




നേടേണ്ടതല്ല. ഉന്നത കോടതികളുടെ കൂടുതൽ ബഞ്ചുകൾ ഏർപ്പെടുത്തുന്നത് ആശ്വാസം പകരുന്ന കാര്യമാകും.

വൈകി കിട്ടുന്നതും വൻ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതുമായ നീതി, നിഷേധിക്കപ്പെട്ട നീതിക്കു തുല്യമാണ്. കാലതാമസം കൂടാതെ കുറഞ്ഞ ചെലവിൽ നീതി ലഭ്യമാകാൻ ചിലരെങ്കിലും ഗുണ്ടാ സഹായം തേടുന്ന കാര്യം വാർത്തകളിൽ ഇടം പിടിക്കാറുണ്ട്. ഒട്ടും ആശാസ്യകരമല്ലാത്ത ഇത്തരം ദുഷ് പ്രവണതകൾ ഇല്ലാതാകണമെങ്കിൽ അതിശക്തവും കുറ്റമറ്റതുമായ നീതിന്യായ വ്യവസ്ഥകൾ ഉണ്ടാകണം. അപ്പോൾ ഒരു നിരപരാധിയും ശിക്ഷിക്കപ്പെടില്ല, ഒരു കുറ്റവാളിയും രക്ഷപ്പെടുകയുമില്ല. പൊതു സമൂഹം എപ്പോഴും ആഗ്രഹിക്കുന്നത് അതുമാത്രമാണ്.

✵

## 2. The big opportunity of EV charging infrastructure

The Indian government aims to significantly increase electric vehicle (EV) penetration by 2030.However, without adequate charging infrastructure, the scales will not tilt in the favor of EVs. According to the Federation of Automobile Dealers Associations (FADA), EV adoption has witnessed a significant rise between FY20 and FY22, with sales rising by 155 per cent year-on-year. The quantity of operational public charging stations has increased by 77 as per the Ministry of Power. However, it is estimated that India would need~400,000 public charging stations to support ~2 million EVs by 2026. Setting up a high-power EV charging infrastructure, however, is a chicken and egg problem. On one hand, EV uptake is constrained due to lack of widely available public charging infrastructure, but on the other hand low utilization is proving to be a hurdle for investments in charging infrastructure. Therefore, EV uptake and charging infrastructure need to move in tandem. Once the basic infrastructure is in place, EV demand will follow. While the government is working to create a sustainable EV ecosystem, questions remain – who will lay the charging infrastructure for EVs? Will it be separate charge point operators or energy utility companies? What will be the revenue model? What will be the tariff structure? To enable large scale creation of charging infrastructure, government needs to focus.

Courtesy: Energy world.com from The Economic times



## 3. CERC issues directions pertaining to grid security

The Central Electricity Regulatory Commission (CERC) has issued suo-moto directions in the interest of grid security, in pursuance of the provisions of the Electricity Act, 2003 and the provisions of the CERC (Deviation Settlement Mechanism (DSM) and Related Matters) Regulations, 2022.

Based on the operational feedback received for the first two weeks of implementation of the DSM regulations 2022, it is observed that while the number of frequency excursions has decreased, the frequency fluctuations reflected in terms of percentage of time the system frequency remaining outside the operative band have increased by almost 20 per cent. Though prime facie, the grid connected entities are trying to adhere to their schedule, there may be a tendency to overschedule so as to avoid payment of deviation charge for over-drawal or under-injection. The combined effect of this tendency has resulted in the system frequency remaining high for a significant amount of time.

The commission has decided that the normal rate of charges for deviations for a time block as specified in Regulation. of the DSM Regulations, 2022 will be subject to the cap of Rs 12 per kWh, until further orders.

In cases where the system frequency is at 50.05 hz or above in a time-block, the general seller other than an run-of-river (ROR) generating station or a generating station based on municipal solid waste will be paid at zero, for deviation by way of over injection in such time-block. In addition, the general seller other than an ROR generating station or a generating station based on municipal solid waste will pay back for the shortfall in energy against its schedule in any time block due to under injection at 50 per cent of the reference charge rate. Further, the buyer will be paid back at zero, for deviation by way of under-drawal in such time-block.

In case where the system frequency is at 49.90 hz or below in a time-block, the general seller other than an ROR generating station or a generating station based on municipal solid waste will be paid back at 150 per cent of reference charge rate for deviation by way over injection in such time block.

Courtesy: Power line

## 4. Positive charge. With better leverage profile, power sector has more reserve energy

The BSE Power index, which declined 70 per cent from its peak 2008 levels to the Covid lows of 2020, has now gained more than 200 per cent. This is reflective of the improving prospects for the sector.

However, not too far in the past, the sector was in turbulence with quite a few power companies lining up before the National Company Law Tribunal or reporting deep financial stress. Lower-than-anticipated economic growth resulting in excess idle capacity combined with high leverage/high interest rates, resulted in a double whammy for power companies. Now, with some slowdown fears due to global factors and with interest rates back at levels seen in 2018, can some of the old problems resurface?

Courtesy: The Hindu Powerline



## 5. Electric power sector weighs promising trends amid cost and climate woes

2022 was a year of perils and promise for the electric power sector. US electricity sales continued to rise as the pandemic recovery progressed, increasing 3.6% in the first eight months compared to the prior year. But costs also spiked, largely due to natural gas prices more than doubling on global shortages exacerbated by Russia's invasion of Ukraine. Extreme climate events—from droughts to hurricanes, heat waves and wildfires— continued to test regional grid resilience. In response, the industry and policymakers worked to bolster reserves, deploy energy storage and microgrids, harden infrastructure, and strengthen flexible load options.

In 2023, these promising developments will likely evolve further. But providing secure, reliable, affordable, and clean electricity could become even more challenging. Inflation, high fuel costs, and supply chain snarls may keep electricity prices elevated, while extreme weather, cyber security threats, and the growth of variable renewables and distributed energy resources may continue to require innovative management to ensure grid reliability. Despite these challenges, new technologies and supportive policies could ripen opportunities in 2023 and help the industry achieve its goals. Explore the five trends that will likely influence the direction of the industry over the next 12 months.

Courtesy: Deloitte



# Show me the person and I will show you the LAW

*Er Thomas Kolanjikombil*
Maramon.

The preamble of the constitution of India reads 'We, people of India, having solemnly resolved to constitute India into a sovereign socialistic secular democratic Republic and to secure to all citizens, justice, liberty, equality and fraternity assuring dignity of the individual......But our justice system operates on a very simple principle, 'show me the person I will show you the law'. Everybody from the humblest police constable to the prime minister know this. There is no equality before the law. Consequently there is no law. And there is no deterrence either. There is no rule of law in our country. Like justice, law in the country is eminently negotiable, depending on your pocket, your status and your connection. Our rulers, executive, judiciary, and legislative are motivated by self interest. They are brutally cynical that they remind the Turkish proverb 'When a clown move into the palace, he doesn't become the king, the palace become a circus'.

The national crime bureau (NCRB) reports in december 2021 that, among 5,54,034 prisoners languishing in indian jails, 4,27,160 (77.1%) were undertrials. Their number is consistently burgeoning. According to data collated by 'world prison brief ', India has sixth highest share of undertrials. The five countries fare worse than India are Liechtenstein, San maria, Haiti, Gabon and Bangladesh. 29.1% of undertrials in India had been in the prison for more than a year. Half of them were aged between 18 and 30 years. 25.2% of undertrials were illiterate. Furthermore over 73% of all detenus in our jails were from dalits, tribals or OBCs, I mean from the underprivileged people. These poor people continue to rot in jails for years. In many cases it exceeded the maximum prison term for the crime for which they are accused. Lack of resources constrict their ability to engage lawyers and furnish jail bonds.

Our constitution's gauranteed fundamental rights to life and liberty are denied to them. Over burdened judiciary, failure of police and jail officials to do their duties, the reasons attributed, does not give any solace to the victims. Two reforms that can ease the situation more conducive are, 1- Mould legal language comfortable. Leave aside the illiterate, most of the educated, dread our legal language. Change it so that common man can easily understand what law is. 2- The cumbersome legal procedures must be

made straight. Our judicial system is still mired in colonial moorings. These harsh and unwieldy stratagem were desired to keep the colonial subjects suppressed. They were made to subjugate the deprived and protect the influential. Poor are held hostage by legal eagles. Our judicial system must be disbanded with one that suits India particularly to the less fortunate in the society. But neither our executive or judiciary is interested as the present status quo suit them.

Should money and surety need be perquisites to grand bail?. How can a petty thief caught in act, can afford to pay hefty fees for getting bail. We see laws are clamped on the plebs more rigorously, the rich and influential find ways to escape. VVIP criminals are are given five star imprisonment while weaker are treated as animals. Courts are opened in midnight for wrong people. They are anxious to hear high profile cases and PIL on urgent basis. They do more politics than what is done in the legislature.

Our judicial system is painfully slow. In Loksabha, the law minister stated that as on 7/2022, 4.83 crores of cases are pending across various courts in the country. Lethargic judiciary increase crime rates also. Why none are concerned about clearing the backlog of cases. Why modern tools are not employed? Why cases are not decided in a time bound manner? Why can't the court proceedings held online and broadcasted?. This will cut expenses of the litigants and also they can know what is happening.

Why the government is the biggest litigator?. Reports indicate that government is a party to 50% of pending cases. Government is to govern and regulate, not to litigate as a matter of routine. The easiest way to reduce pending cases is to target the biggest contributor. Many of our departments like tax, land, customs, defence, are notoriously famous for frivolous litigation. This is an enormous problem and the government see it. Yet little is being done to cure this massive waste of time, effort and resources. Alternative dispute resolution (ADR) is an approach developed to create an effective and equitable substitute for conventional judicial system. Arbitration, mediation, conciliation, mini trial, summary jury trial, etc are some of the ADRs used scientifically in many countries.

Lavrenti Pavlovich Beria was Stalin's secret police chief. His infamous boast "Show me the man and I will show you the crime". Are we heading towards that?.

# Fixed charge is not fixed

**Er J. Sudhakaran Nair**
*Dy. Chief Engineer (Rtd.)*

Who shall determine the electricity tariff of the distribution licensees in India? As per the statutes, the Electricity Regulatory Commission shall determine the tariff. The licensee shall propose and the Commission shall decide. The Commission shall be guided mainly by The Electricity Act 2003, Electricity Policy and the Tariff Policy. These policies are formulated by Central government , in consultation with the State governments. The Central Government may, from time to time, in consultation with the State Governments and the Central Electricity Authority, review or revise, the National Electricity Policy and Tariff Policy. The Electricity Act The section 61 of Electricity Act stipulates that "the tariff progressively reflects the cost of supply of electricity and also, reduces cross-subsidies within the period to be specified by the Appropriate Commission".

It also says that the generation, transmission, distribution and supply of electricity shall be conducted on commercial principles.

**Cross subsidy**

Cross subsidy is the practice of charging higher prices to one group of consumers to artificially lower prices for another group.

The level of cross subsidy in Kerala is very high. Though the Commission has directed that the level of cross subsidy shall be limited to 20% and though the time allowed for this reduction is extended several times, the target is not achieved. No effort is seen taken to achieve the target in the near future. At the same time cross subsidy is being extended to more categories of consumers.

**Guidelines of the Act**

On an analysis , it will be found that the guide line 'the tariff should reflect the cost of supply' is not being followed. The tariff for the same purpose is higher at high voltage and lower at low voltage. It is a fact that the cost of supply of power is less at higher voltages of supply. As per the Act ( PART VI Section 45(4) ) the tariff shall be determined without showing any partiality to any group of consumers. Here, this also is not followed. For example, there are several clubs in Kerala; but there is a special tariff for Police club.

Delhi has 11 categories of tariff ; Maharashtra has 16; Gujarat has 19; Tamil Nadu has 20 and Kerala has 42 ! There are nearly 100 categories of consumers who get the benefit of cross subsidy mentioned in the tariff schedule. It is common knowledge that when somebody is getting a cross subsidy (not the subsidy for which the government pays in advance as per the statutes ) other consumers have to bear the burden. The result is : their tariff increases. Somebody has to meet the cost. There is no free lunch.

Why do we have so many categories? It is doubted that this is to give special consideration to certain consumer groups. Most probably, this must be on political considerations, with an eye on the vote bank. This practice is clearly against Electricity Act. If some consumers are paying less than the cost of supply, some other consumers are compelled to pay more than the cost of supply. This is cross subsidy. There is a saying : " Robbing Peter to pay Paul". This was later revised by Rudyard Kipling to "Robbing selected Peter to pay for collective Paul". A concession given to a preferred group is extra burden to others. This is a violation of the Act. Such discrimination is not existing in any other field. If you go to a petrol pump, they do not charge higher rate for higher quantities. They do not charge differently for a costly car and a cheap car. There is discrimination between consumers using electricity at the same voltage and for the same purpose. For example, the tariff of private hospitals is higher than that of Government hospitals. There is special tariff for around 100 categories of consumers. There are several examples for such discrimination.

The rationale behind fixing lower tariff for Government and quasi Government institutions is not understood. The activity in Government educational institutions and private educational institutions is the same. The cost of supply also is the same. Then why the tariff is different?There are technical limits for the magnitude of power that can be availed at different voltages. There is a surcharge for those using higher than this power limit. Those who are using power of magnitude lesser than this are eligible for an incentive. While provision is given for this surcharge, the tariff is silent about this incentive.

While determining the tariff for supply of power to Electric Vehicle (EV) charging stations, the charge to be realised from the vehicle owners also is fixed. Does the Commission have the authority to fix the rate of this service?

As per the tariff, the fixed charge is not fixed ! It varies with the consumed units. Other states are charging fixed charge based on the load.

As per the provisions in the Act, only metered energy shall be sold. Here, power for the street lights is still not metered.

The tariff for domestic consumers is neither scientific nor rational. The non-telescopic rate fixed for consumption above 500 units exceeds all limits of rationality. By this, the 501st unit costs around Rs. 500/- Such a tariff can not be found in any other state. This is against Rules.

The principle based on which, the retail tariff of small licensees in Kerala is determined is not understood. They are also licensees . The rules applicable to all licensees are applicable to them also.

Is electricity supply a sale of a product such as selling a manufactured product like TV? Or is it a service? Interestingly, a power connection to a consumer was called service connection and not power connection. Does it indicate that it was meant as a service and not a product sale? I believe so. But now the generation, transmission and

distribution shall be done on commercial principles. That is what the Act tells us. But is it a product which is sold now? Is it not a service? We have to understand the evolution of electricity from a pure service to a sale and 24X7 service combined together.

When you are buying more of a normal product, we find that the price comes down. When a plant is running on low plant use factor, it is not economical. But the price of electricity is structured so that the higher the quantity, the higher is the price. Is it reflecting the cost of supply? When electricity was a service, and when it was scarce, the practice of charging higher for higher quantities might have started to restrict the use of the limited resource. When the power was surplus, when there was high availability of hydel power, and when there was not much scope for exporting it, the power price was less when the consumption was more. Such a tariff was in practice in Kerala (All Electric Home ). Don't we have to look at this issue afresh?The cost of supply for a particular voltage will normally be the same irrespective of the type of the consumer. But the tariff is different for different groups of consumers. This classification is done arbitrarily. We are charging around three times on a commercial consumer when compared with a domestic consumer. Some people are trying to justify this by arguing that commercial consumers make profit. So they should be charged higher. Do you think that business people are less intelligent? They are clever. They will not reduce their profit and pay the higher price of electricity. Most probably, they will increase their profit by charging more for their commodities or services. If such commercial consumers install solar plants how can you extract cross subsidy from them? Is it not just to eliminate cross subsidy and treat all consumers equally without any favouritism?

Whenever we discuss tariff, there will arise a comparison between Kerala and Tamil Nadu. Please remember that TANGEDCO and KSEBLare two companies following the Electricity Act 2003 and other relevant Acts and Rules.

InTamil Nadu, they tap all the power sources. They have two nuclear stations and several thermal stations. They have used practically all sources of hydel power. They are generating 140 MW (520 million units ) from the water they take from Mullapperiyar. There are reports that they are going to enhance it. They are number one in producing power from wind.

Take the case of Kerala. We have used only less than 50% of our hydel potential. When we decide to shelve Athirappally project, we aredeciding to buy the expected power of 163 MW from coal fired stations far away. Of the choices, which is environment friendly? Who will tell the fanatics that where ever we burn coal, the damage to the environment is the same and we have only one Ozone layer for the earth?

In short our tariff is blatantly against the relevant Statutes, irrational and not ensuring justice to all.



# ഖത്തർ ലോകകപ്പ് - ഒരു ദൂരക്കാഴ്ച



*Er മാമൻ സി.എസ്.*
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ*

**കാവ്യനീതി എന്നു പറയാം;** ഫുട്ബോളിലെ അഭിനവ മിശിഹാ ലയണൽമെസ്സി ഇരുപത്തി രണ്ടാമത് ലോകകപ്പ് കിരീടം ഉയർത്തി. ഇരുപത്തി ഒന്നാം നൂറ്റാണ്ടു കണ്ട ഏറ്റവുംമികച്ച ഫുട്ബോൾ പ്രതിഭ-ലയണൽ മെസ്സിയുടെ കിരീടത്തിൽ കുത്തി വെക്കാൻ ബാക്കിയുണ്ടായിരുന്ന ഏക പൊൻ തൂവൽ !

മുപ്പത്തിയാറ് വർഷമായുള്ള അർജന്റീന ആരാധകരുടെ കാത്തിരിപ്പിന് അങ്ങനെ വിരാമമായി.

ഖത്തറിന് ലോകകപ്പ് അനുവദിച്ചത് മുതൽ എഷ്യയിൽ രണ്ടാമത് എത്തിയ ലോകകപ്പിന് വിവാദങ്ങളുടെ അകമ്പടിയുണ്ടായിരുന്നു. അതിൽ പ്രധാനമായിട്ടുള്ളത് മനുഷ്യാവകാശ ലംഘനങ്ങൾ ആയിരുന്നു. കുടിയേറ്റ തൊഴിലാളികളോടുള്ള ഖത്തർ ഗവൺമെന്റിന്റെ സമീപനം, സ്ത്രീ സ്വാതന്ത്ര്യം, കൂടാതെ സ്വവർഗ്ഗ അനുരാഗികളോടുള്ള (LGBT Community) നിഷേധാത്മകമായ നിലപാടുകൾ, ഒക്കെ ചർച്ചയായി.

"Giving Qatar hosting rights was a mistake" എന്ന മുൻ ഫിഫ പ്രസിഡന്റ് സെപ് ബ്ലാസ്റ്ററുടെ വാക്കുകൾ മഞ്ഞുമലയുടെ കാഴ്ചയുള്ള ഭാഗം മാത്രമാണ്. പക്ഷേ ആരോപണങ്ങളെ പാടെ നിരാകരിച്ചുകൊണ്ട് ഫിഫായുടെ ഡൈനാമിക് മേധാവി ജിയാനി ഇൻഫാന്റിനോയുടെ നിലപാടുകൾ ഖത്തറിന് ആത്മവിശ്വാസം നൽകി.

ചൈനയിലും റഷ്യയിലും ഉള്ളതുപോലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ ഖത്തറിലില്ല എന്ന് പലരും പറയുവാൻ തുടങ്ങി. ഇതൊരു സാധാരണ സംഭവം മാത്രം.

ഏത് അന്താരാഷ്ട്ര മത്സരങ്ങൾ നടക്കുമ്പോഴും ഇതുപോലുള്ള എതിർപ്പുകൾ, അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്.

ഇത് വെറുമൊരു കായിക വിനോദം മാത്രമല്ല, മറിച്ചു ജനകോടികളെ ഒരുമിച്ച് ചേർത്ത് നിർത്താനും അതിലുടെ ഐക്യവും സമാധാനവും സംഭാവന ചെയ്യാനും ഉതകുന്ന ഒരു മന്ത്രം ആണ് ഫുട്ബോൾ എന്ന ജനകീയ കളി. അതുപോലെ തന്നെ കോടിക്കണക്കിന് ജനതയുടെ ഉപജീവന ത്തിന്റെ ശ്രോതസ്സുകൂടിയാണ്.

പക്ഷേ നിർഭാഗ്യകരം എന്നു പറയട്ടെ. ഫുട്ബോളിനെ എന്നും സ്നേഹിക്കുന്ന നമ്മുടെ കൊച്ചു കേരളത്തിൽ അതുപോലെ തന്നെ മലയാളികൾ പാർക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ എന്താണ് കണ്ടത്. വെറും അന്ധമായ താരാരാധ നയുടെ പേരിൽ കാട്ടിക്കൂട്ടിയ പേക്കൂത്തുകൾ, ആക്രമണങ്ങൾ, അതിർവരമ്പുകൾ ഭേദിച്ചു കൊണ്ടുള്ള ആഹ്ളാദ പ്രകടനങ്ങൾ. ഇതെല്ലാം പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്നതും സാധാരണ ജീവിതം ദുസ്സഹമാക്കുന്നതും ആയിരുന്നു. ഇതിനെ നമ്മൾ തന്നെ സ്വയം നിയന്ത്രിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

പ്രബുദ്ധരും വിദ്യാസമ്പന്നരായ ഒരു ജനതയുടെ നാടാണ് നമ്മുടെ കേരളം. ഫുട്ബോൾ എന്ന കായിക വിനോദത്തെ എന്നും നെഞ്ചോടു ചേർത്ത് വെച്ചവർ. കളിക്കാരുടെ അല്ലെങ്കിൽ ടീമിന്റെ പേരും നിറവും രാജ്യങ്ങളും നോക്കാതെ നന്നായി കളിക്കുന്ന ടീമിനെ അത് സ്വന്തം നാടിന്റെയോ അതോ മറ്റു ദേശത്തെ ടീമുകളാകട്ടെ അവരെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരം ആയിരുന്നു മുൻകാലങ്ങളിൽ നമ്മൾ അനുവർത്തിച്ചു പോന്നിരുന്നത്.

അവിടെ അന്ധമായ താരാരാധന ഇല്ലായിരുന്നു. അതിലൂടെയെ ഫുട്ബോൾ എന്ന കായിക വിനോദം വളരുകയുള്ളു എന്ന് മുൻ തല മുറക്കാർക്ക് നന്നായി അറിയാമായിരുന്നു.

*ഇടയിൽ അല്പം തമാശ - ലോകകപ്പിന്റെ മുന്നോടിയായി പുതിയ തലമുറയിലെ ആരാധ കരിൽ ചിലർ ടിവി ചാനലുകാരുടെ ചോദ്യങ്ങളോട് പ്രതികരിച്ചത്;* ഖത്തർ ലോകകപ്പിൽ ഞങ്ങളുടെ ഇഷ്ട ടീം കേരള ബ്ലാസ്റ്റേഴ്സ് ആണെന്നാണ്. മലയാളികൾ ഇത്രയും ആവേശത്തോടെ കളികൾ കണ്ടതും ആവേശത്തോടെ സ്വീകരിച്ചതുമായ മറ്റൊരു ലോകകപ്പ് ഉണ്ടായിട്ടില്ല എന്ന് തന്നെ പറയാം.

ഇനി മറ്റൊരു ലോകകപ്പ് ഉണ്ടാകുവാനുള്ള സാദ്ധ്യതയും കുറവാണ്. ആദ്യ റൗണ്ടിലെ അപ്രതീക്ഷിതമായ ചില വിജയങ്ങളും അട്ടിമറികളും തുടക്കത്തിൽ തന്നെ ലോകകപ്പിന് ഒരു പുതിയ മാനം കൈവന്നു. തുടർന്നങ്ങോട്ട് അത് പലതവണ ആവർത്തിച്ചു.

അർജന്റീനയുടെ മുന്നോട്ടുള്ള പ്രയാണം തുലാസിലാക്കിയ സൗദി അറേബ്യൻ വിജയം. മുൻ ചാമ്പ്യന്മാരും കിരീടത്തിന് സാദ്ധ്യതയും കല്പിച്ച ജർമ്മനിയുടെ പരമ്പരാഗത യുറോപ്യൻ ഫുട്ബോളിനെ അതേ നാണയത്തിൽ തിരിച്ചടിച്ചു.

ജപ്പാനും, കരുത്തരായ പോർച്ചുഗൽ, ഉറുഗ്വായ് എന്നീ ടീമുകളെ പിന്നിലാക്കി മുന്നേറിയ ദക്ഷിണ കൊറിയയും ഏഷ്യൻ ഭൂഖണ്ഡത്തിന്റെ പെരുമ നിലനിർത്തി. എല്ലാത്തിനും ഉപരി ആഫ്രിക്കൻ കരുത്തുമായി എത്തിയ മൊറോക്കോ ഒരു പടി മുകളിൽ നിൽക്കുന്നു. ആദ്യമായി ലോകകപ്പിന്റെ സെമിയിൽ എത്തുന്ന ആഫ്രിക്കൻ രാജ്യം, പ്രവചനങ്ങൾ എല്ലാം തെറ്റിച്ചുകൊണ്ട് കാണികളുടെ ഇഷ്ട ടീം ആയി മാറി. അതുപോലെ തന്നെ മറ്റു മുൻനിര ടീമുകൾക്ക് ഒരു പേടി സ്വപ്നം ആയി മാറുകയും ചെയ്തു. അതിന്റെ ഉത്തമ ഉദാഹരണമായിരുന്നു ക്വാർട്ടർ ഫൈനലിൽ കരുത്തരായ പോർച്ചുഗലിനെ തിരെ മൊറോക്കൻ താരം എൽ. നസീറി നേടിയ ഗോൾ. ഖത്തർ ലോകകപ്പിലെ മനോഹരമായ ഒരു ഗോൾ.

പല വമ്പൻ ടീമുകളുടെ പരാജയങ്ങൾ ഖത്തർ ലോകകപ്പിൽ കണ്ടു. പല അട്ടിമറികൾ, ആരും പ്രതീക്ഷിക്കാത്ത ചില ടീമുകളുടെ പ്രകടനങ്ങൾ, അതൊന്നും അവിചാരിതമായി സംഭവിച്ചതാണ് എന്ന് പറഞ്ഞു എഴുതി തള്ളരുത്.

ലോകകപ്പ് പോലുള്ള ഒരു വേദിയിൽ എതിർ ടീമിന്റെ, അത് എത്ര ശക്തരായ ടീമാണെങ്കിലും കളിക്കളം നിറഞ്ഞുകളിക്കുന്ന കളിക്കാരും എതിർ ടീമിന്റെ ദൗർബല്യങ്ങൾ അറിഞ്ഞു തന്ത്രങ്ങൾ മെനയുന്ന കൂർമ്മ ബുദ്ധിയുള്ള ഒരു പരിശീലകനും ചേർന്ന് നടപ്പാക്കിയ ഗെയിം പ്ളാൻ തന്നെയാണ് ഓരോ അട്ടിമറി വിജയത്തിന്റേയും പിന്നിൽ എന്ന കാര്യം നമ്മൾ മറന്നു പോകരുത്.

സെമിഫൈനലിൽ എത്തിയ മൊറോക്കൻ ടീമിനെപ്പറ്റി രണ്ടു വാക്ക്. പോരാട്ടവീര്യം ഇത്രയും മനസ്സിലേറ്റിയ, തോൽക്കാൻ മനസ്സില്ലാത്ത ഒരു ടീം;

അതാണ് മൊറോക്കോ സെമിഫൈനലിൽ ഫ്രാൻസിനോട് പരാജയപ്പെട്ടപ്പോഴും ലൂസേർസ് ഫൈനലിൽ ലൂക്കാമോഡ്രിച്ച് എന്ന മാന്ത്രികന്റെ പോരാട്ടവീര്യത്തിൽ അടിപതറിയപ്പോഴും ലോകം മുഴുവൻ അവർക്ക് വേണ്ടി കൈയ്യടിച്ചു. വാമോസ് മൊറോക്കോ.

ലോകകപ്പിലെ മിന്നൽ പ്രകടനം അവരെ ഫിഫാ റാങ്കിന്റെ മുൻനിര ടീമുകളുടെ അടുത്തെത്തിച്ചു. പുതുവർഷത്തിൽ പുറത്തിറങ്ങുന്ന പുതിയ റാങ്കിങ് പട്ടികയിൽ പതിനൊന്നാം (11) സ്ഥാനത്താണ്. കൂടാതെ ലോക ക്ളബ് ഫുട്ബോളിന്റെ ഫൈനൽ വേദി മൊറോറോയാണെന്ന് ഫിഫ പ്രഖ്യാപിച്ചു കഴിഞ്ഞു. കഴിവുറ്റ പ്രകടനത്തിനുള്ള അംഗീകാരമായി ഇതിനെ കരുതാം.

കലാശപ്പോരാട്ടത്തിലേക്ക് കണ്ണോടിച്ചാൽ- ആദ്യ പകുതിയിൽ തന്നെ നിലവിലെ ചാമ്പ്യന്മാരായ ഫ്രാൻസിനെ നിഷ്പ്രഭമാക്കിക്കൊണ്ട് എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചു

കൊണ്ട് അർജന്റീന ആധികാരികമായ വിജയം ഉറപ്പിച്ചു. കളികണ്ട വരെല്ലാം അതുപോലെ ആർജന്റീനയുടെ കടുത്ത ആരാധകർ പോലും, അത്ഭുതം കൂറി. ഈ ലോറിസും വരാനയും തിയോഫെർണാഡസും, ഗ്രീസ് മാനും, ഒലിവർ ജിറൂഡും എംബാപ്പയും അടങ്ങിയ ടീമിനെന്തുപറ്റി എന്നു ആരാധകർ ചിന്തിച്ചു തുടങ്ങിയ സമയം. വിജയം ഉറപ്പിച്ച അർജന്റീനയുടെ കൈയിൽ നിന്നും അവസാന പത്തു മിനിറ്റിലും എക്സ്ട്രാ ടൈമിലും കിടിലൻ (കിലിയൻ) എംബാപ്പ എന്ന ഒറ്റയാൾ പട്ടാളം വിജയത്തിന്റെ കാഹളം കാൽച്ചുവട്ടിൽ വരെ എത്തിച്ചു. തുടരെ തുടരെ മൂന്ന് എണ്ണം പറഞ്ഞ ഗോളുകൾ. നീണ്ട ഇടവേളയ്ക്ക് ശേഷം ലോകകപ്പ് ഫൈനലിൽ ഒരു ഹാട്രിക്. പിന്നീട് ടൈബ്രേക്കറിൽ വീണ്ടും ഒരു ഗോൾ. മൊത്തം നാലു ഗോളുകളാണ് അന്ന് എംബാപ്പ അടിച്ചു കൂട്ടിയത്. ഒരു ഗോൾകീപ്പറിന്റെ പോസ്റ്റിലേക്ക് മൂന്നു പെനാൽറ്റി കിക്കുകൾ ഗോളാക്കുക എന്നത് എണ്ണം പറഞ്ഞ കളിക്കാർക്ക് പോലും സാധി ക്കാത്ത കാര്യം നിസാരമായി എംബാപ്പ ചെയ്തു കാണിച്ചു. എന്നിട്ടും തന്റെ ടീമിന്റെ വിജയം കപ്പിനും ചുണ്ടിനുമിടയിൽ നിന്നും തെന്നിമാറി. മെസ്സിയും കൂട്ടുകാരും കപ്പുയർത്തുന്നത് വിഷമ ത്തോടെ നോക്കി നിൽക്കേണ്ടി വന്നു

ലോകകപ്പിലെ ചില മറക്കാനാവാത്ത നിമിഷങ്ങൾ, ചിത്രങ്ങൾ നമ്മുടെ ഓർമയിൽ തങ്ങി നിൽക്കുന്നു. ഫൈനൽ മത്സരത്തിന് ശേഷം മൈതാനത്ത് വേദനയോടെ തനിച്ചിരിക്കുന്ന ഭാവിയുടെ താരമായ എംബാപ്പയുടെ അടുത്തേക്ക് പുറകിലൂടെ വന്ന് തന്റെ ഔദ്യോഗിക പദവിയുടെ പ്രോട്ടോ കോൾ ഒഴിവാക്കി സുരക്ഷാ ഭടന്മാരുടെ അകമ്പടിയും ഒന്നുമില്ലാതെ എംബാപ്പയെ ആശ്ലേഷിക്കുന്ന ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ സ്നേഹപ്രക ടനവും ആശ്വാസ വാക്കുകളും ലോകമെമ്പാ ടുമുള്ള ഫുട്ബോൾ ആരാധകരുടേയും ഭരണാധികാരികളുടേയും ജനകോടികളു ടേയും ആദരവും സ്നേഹവും ബഹുമാനവും പിടിച്ചുപറ്റി.

വളർന്നു വരുന്ന താരങ്ങൾക്കും ഫുട്ബോൾ എന്ന കായിക വിനോദത്തിനും എന്നും ഒരു മുതൽക്കൂട്ടാണ് ഇതുപോലുള്ള ഭരണാധികാരി കൾ.

**ലോകകപ്പിന്റെ ബാക്കി പത്രം**

2010ൽ ഖത്തറിന് ലോക കപ്പ് അനുവദിച്ചു കൊണ്ടുള്ള ഫിഫായുടെ തീരുമാനം ഇറങ്ങിയ നാൾ മുതൽ വിവാദങ്ങളും ഒന്നിന് പുറകെ ഒന്നായി വരാൻ തുടങ്ങി. പൊതുവെ ചെറിയ രാജ്യമായ ഖത്തറിന് അതിനുള്ള ശേഷിയും കരുത്തും ഉണ്ടോ എന്ന് ചോദിച്ചുകൊണ്ട് പാശ്ചാത്യ രാജ്യങ്ങളും മാധ്യമങ്ങളും നിരന്തരം വാർത്തകൾ എഴുതുവാൻ തുടങ്ങി. ഖത്തറിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നു.

ഖത്തർ ഒരു ഭീകര രാഷ്ട്രം ആണ്. മദ്യം ലഭിക്കില്ല, ഇസ്ലാമികവൽക്കരണം ആണ് ഇവിടെ നടത്താൻ ഉദ്ദേശിക്കുന്നത്. അങ്ങനെ നിരന്തരം വാർത്തകൾ. കിംവദന്തികൾക്ക് ചെവി കൊടു ക്കാതെ നിശ്ചയദാർഢ്യവും ദീർഘ വീക്ഷണവും സർവ്വോപരി തികഞ്ഞ കായികപ്രേമിയുമായി രുന്നു ഖത്തർ ഭരണാധികാരി ഷെയ്ക്ക് ഹമദ് ബിൻ ഖലീഫാ അൽ തനിം.

അദ്ദേഹം ലോകമെമ്പാടുമുള്ള വിദഗ്ദ്ധരെ ഖത്തറിലേക്ക് ചുവപ്പു പരവതാനി വിരിച്ചു കൊണ്ടുവന്നു. അവരെ ലോകകപ്പിന്റെ തയ്യാറെടുപ്പുകൾക്കായി ചുമതല ഏൽപ്പി ക്കുകയും അവർ അത് സമയബന്ധിതമായി പൂർത്തീകരിക്കുകയും ഒന്നിനും ഒരു കുറവും വരുത്താത്ത രീതിയിൽ സജ്ജമാക്കുകയും ചെയ്തു. ദിവസവും നൂറുകണ ക്കിന് വിമാന ങ്ങളാണ് രാജ്യത്തെ ഏക എയർ പോർട്ടായ ദോഹയിൽ എത്തിക്കൊണ്ടിരുന്നത്.

എയർപോർട്ടിലെ കസ്റ്റംസ് എമിഗ്രേഷൻ പരിശോധനകൾ പാടെ ഒഴിവാക്കി ഓട്ടോമാറ്റിക് എക്സിറ്റ് വാതിലുകൾ വഴി നിമിഷനേരം കൊണ്ട് യാത്രക്കാർ പുറത്തിറങ്ങി. അങ്ങനെ ആദ്യ സംരംഭം

തന്നെ വിജയകരമായി നടപ്പാക്കി.

മെട്രോ സർവീസുകൾ, ബസ് തുടങ്ങിയ യാത്ര സൗകര്യങ്ങൾ മുഴുവൻ സൗജന്യമാക്കി, ഇന്റർനെറ്റ് പോലുള്ള മാധ്യമ സൗകര്യങ്ങൾ സ്വദേശികൾക്കും വിദേശികൾക്കും തികച്ചും സൗജന്യമാക്കി. താമസിക്കാൻ ആവശ്യത്തിന് അനുസരിച്ചു ഹോട്ടലുകളും ക്രൂയിസ് വെസ്സലുകളും ഒരുക്കി.

ഉദ്ഘാടനവും ഫൈനൽ മത്സരവും നടന്ന സ്റ്റേഡിയത്തിൽ വന്ന കാണികൾക്ക് എല്ലാം ഖത്തറിന്റെ സംസ്കാരവും പെരുമയും പൈതൃകവും വിളിച്ചോതുന്ന സമ്മാന പ്പൊതികൾ നൽകി. ഭിന്നശേഷിക്കാരായിട്ടുള്ളവർക്ക് സ്റ്റേഡിയത്തിനുള്ളിൽ മുൻനിരയിൽ തന്നെ ഇരിപ്പിടങ്ങൾ ഒരുക്കി കളി സുഗമമായി കാണുവാനുള്ള സൗകര്യം ഒരുക്കി.

മത്സരത്തിന് മുൻപ് ടീമുകളുടെ ദേശീയ ഗാനം ആലപിക്കുന്ന സമയത്ത് ഓരോ ടീമിന്റെ കൂടേയും രണ്ടു ഭിന്നശേഷിക്കാരായ കുട്ടികളെ അണിനിരത്തി ലോകത്തിന് തന്നെ വലിയ മാതൃക ആകുകയും അവർക്ക് ആത്മവിശ്വാസവും ഏതു സാഹചര്യങ്ങളിലും പതറാതെ മുന്നേറുവാനുള്ള ആത്മധൈര്യവും കരുത്തും പകർന്നു നൽകുകയും ചെയ്തു.

പഴി പറഞ്ഞവരും അധിക്ഷേപിച്ചവരും അഭിനന്ദനങ്ങളുമായി പുറകെവന്നു. ഞങ്ങൾക്ക് തെറ്റ് പറ്റി എന്നു അവർ മനസിലാക്കി. ഭരണാധികാരിയുടെ വാക്കുകളിൽ നിന്നു എല്ലാം വ്യക്തമായിരുന്നു. ഞങ്ങൾക്ക് ആവശ്യമുള്ള പണവും സ്വത്തും ഉണ്ട്. ഇത് എന്റെ നാട്ടിലെ ജനങ്ങളുടെ പുരോഗതിക്ക് വേണ്ടിയാണ് ഞാൻ ചിലവാക്കുന്നത്. ഇങ്ങനെ ഉള്ള ഭരണാധികാരികൾ ലോകത്ത് തന്നെ വിരളം. വാമോസ് ഖത്തർ വിവാ ഖത്തർ.

ഈ ലോകകപ്പോടെ ഖത്തർ എന്ന കൊച്ചു രാജ്യം കേരളത്തിന്റെ മൂന്നിലൊന്ന് വലിപ്പമുള്ള 35ലക്ഷം ജനസംഖ്യ ഉള്ള (അതിൽ തന്നെ 90%വിദേശികൾ) ലോക കായിക ഭൂപടത്തിൽ സ്ഥാനം നേടി. 2030 ലെ ഏഷ്യൻ ഗെയിംസിന് വേദിയാകുന്നു.

ഇനി ഫിഫാ ലോകകപ്പ് അറിയപ്പെടുക ഖത്തറിന് മുൻപും ഖത്തറിന് ശേഷവും എന്നാവും. അതാണ് ഖത്തർ നമ്മെ പഠിപ്പിച്ച പാഠം. ഇനി ഇൻഡ്യയുടെ ലോക കപ്പ് സാദ്ധ്യതകളെപ്പറ്റി ഫിഫ പ്രസിഡന്റ് ജിയാനി ഇൻഫാന്റിനോയുടെ വാക്കുകൾ -

135 കോടി ജനങ്ങളുള്ള ഇൻഡ്യയെ പോലെ ഒരു വലിയ രാജ്യത്തിന് വലിയ ഫുട്ബാൾ പാരമ്പര്യം ഉണ്ടായിരുന്ന ഒരു ടീമിനെ അന്താരാഷ്ട്ര തലത്തിൽഎത്തിക്കാൻ വലിയ തോതിലുള്ള ധനസഹായങ്ങളും മറ്റ് സാങ്കേതിക സഹായങ്ങളും നൽകാൻ ഞങ്ങൾ ഒരുക്കമാണ്.

2026-ൽ അമേരിക്കയും കാനഡയും മെക്സിക്കോയും സംയുക്തമായി നടത്തുന്ന ലോകകപ്പിന് ആദ്യമായി 48 ടീമുകളെ പങ്കെടുപ്പിക്കുവാൻ ഫിഫ ആലോചിക്കുന്നു. സ്വാഭാവികമായി ഏഷ്യൻ വൻകരയിൽ നിന്ന് ടീമുകളുടെ എണ്ണവും വർദ്ധിക്കുമ്പോൾ ഇൻഡ്യക്കും അവസരങ്ങളുടെ വാതിലുകൾ തുറക്കും.

അതിനുവേണ്ടി ഫിഫായും കൈകോർക്കുന്നു. റാങ്കിംഗിൽ കാര്യമായ മുന്നേറ്റം ഇൻഡ്യ നടത്തണം. അതിനു കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങളുടെ പരിചയവും വേണം. അങ്ങനെ എല്ലാ അർഥത്തിലും ഇൻഡ്യയെ സജ്ജമാക്കാൻ ഫിഫായുടെ സഹായങ്ങൾ ലഭ്യമാകും.

വരും നാളുകളിൽ ഇൻഡ്യൻ ഫുട്ബോളിന്റെ നഷ്ടപ്പെട്ട പ്രതാപം തിരിച്ചുവരട്ടെ. ഇന്ത്യയുടെ ലോകകപ്പ് പ്രവേശനത്തിനായി നമുക്ക് കാത്തിരിക്കാം.

ലേഖകൻ : മാമൻ സി.എസ്.
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മുൻ KSEB ഫുട്ബോൾ പ്ലേയർ
മുൻ സന്തോഷ് ട്രോഫി പ്ലേയർ
മുൻ എംജി യൂണിവേഴ്സിറ്റി ക്യാപ്റ്റൻ
മുൻ സബ് ജൂനിയർ /ജൂനിയർ കേരള ടീം കോച്ച്


Thiruvananthapuram Unit meeting




Alappuzha Unit meeting


Muvattupuzha Unit meeting






Ernakulam Unit meeting

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP / 203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 28-01-2023





Family Tour Conducted by Thiruvananthapuram unit



Kottayam Unit meeting



Thrissur Unit meeting

Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only